22
ബുധൻ
ഡിസംബർ 2021
1197 ധനു 07
Vol 4 Issue No 47

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com







## വിവാഹ പ്രായം ഉയർത്താനുള്ള ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു, കീറിയെറിഞ്ഞ് പ്രതിപക്ഷം

**ന്യൂഡൽഹി:** രാജ്യത്തെ പെൺകുട്ടികളുടെ വിവാഹപ്രായം 18ൽ നിന്ന് 21 ആക്കി ഉയർത്തുന്നതിനുള്ള വിവാഹപ്രായ ഏകീകരണ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. വനിതാ ശിശു ക്ഷേമ വകുപ്പ് മന്ത്രി സമൃതി ഇറാനിയാണ് ബിൽ ലോക്?സസയിൽ അവതരിപ്പിച്ചത്. ബിൽ അവതരണത്തെ എതിർത്ത് സഭയിൽ പ്രതിപക്ഷ പ്രതിഷേധവും അരങ്ങേറുന്നുണ്ട്. പ്ലക്കാർഡുകളുമായി പ്രതിപക്ഷ അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി. ആരുമായും കൂടിയാലോചിക്കാതെയാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു നീക്കം നടത്തിയതെന്നും സംസ്ഥാനങ്ങളുമായും പ്രതിപക്ഷ പാർട്ടികളുമായും ചർച്ച വേണം എന്നുമാണ് പ്രതിപക്ഷ അംഗങ്ങളുടെ ആവശ്യം. കഴിഞ്ഞ ബുധനാഴ്ചയാണ് പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുന്നതി ന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത്. ഇതിന് പിന്നാലെ വിവിധ രാഷ്ട്രീയ കക്ഷികൾ പ്രതിഷേധവും എതിർപ്പും അറിയിച്ചിരുന്നു. ചർച്ച ചെയ്യാതെ എടുത്ത തീരുമാനം എന്ന ആരോപണം ഉയർന്നതോടെ ബിൽ അവതരിപ്പിക്കു ന്നത് അടുത്ത സമ്മേളന കാലയളവിലേക്ക് മാറ്റുമെന്ന അഭ്യൂഹങ്ങളുണ്ടായിരുന്നു.എന്നാൽ സ്ത്രീകളുടെ വിവാഹ പ്രായം 21 ആക്കുവാനുള്ള ബില്ല് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് വിട്ടു. പ്രതിപക്ഷ പാർട്ടികളുടെ ആവശ്യം സർക്കാർ അംഗീകരിക്കുകയായിരുന്നു. കനത്ത പ്രതിഷേധത്തിനിടെയാണ് ബില്ല് ലോകസഭയിൽ അവതരിപ്പിച്ചത്. ബിൽ സഭയിൽ എം.പിമാർക്ക് രാവിലെ വിതരണം ചെയ്തിരുന്നു. വിവാഹപ്രായം 21ലേക്ക് ഉയർത്തുന്ന നിയമം എല്ലാ സമുദായങ്ങൾക്കും ബാധകമായിരിക്കും. വിവാഹ പ്രായം ഉയർത്തുമ്പോൾ രാജ്യത്തെ ഏഴ് വിവാഹ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടി വരും. നിയമം പ്രാബല്യത്തിലായാൽ മുസ്ലിം ശരിഅത്ത് വ്യവസ്ഥയ്ക്കും മുകളിലാകും നിയമം. ഹിന്ദു, ക്രിസ്ത്യൻ, പാഴ്സി വിവാഹനിയമങ്ങൾ മാറും. ബാലവിവാഹ നിരോധന നിയമത്തിൽ ഇത് എഴുതിച്ചേർക്കും. ക്രിസ്ത്യൻ വിവാഹ നിയമം, പാഴ്സി വിവാഹ നിയമം, ഹിന്ദു വിവാഹ നിയമം, സ്പെഷ്യൽ മാരേജ് ആക്ട്, ഹിന്ദു മൈനോരിറ്റി ആൻഡ് ഗാർഡിയൻ ഷിപ്പ് ആക്ട് 1956, ഫോറിൻ മാരേജ് ആക്ട്, ബാല വിവാഹ നിരോധന നിയമം അടക്കം ഏഴ് നിയമങ്ങളാണ് മാറുക.



## കെ റെയിൽ പദ്ധതിയിൽ കേന്ദ്രത്തിന് വ്യക്തതയില്ല– വിമർശനവുമായി ശശി തരൂർ

**ന്യൂഡൽഹി:** കെ റെയിൽ പദ്ധതിയിൽ കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തി കോൺഗ്രസ് എം.പി ശശി തരൂർ. പരിസ്ഥിതിനാശത്തെ കുറിച്ചും നഷ്ടപരിഹാരത്തെ കുറിച്ചും കൃത്യമായ ഉത്തരം നൽകാൻ കേന്ദ്രത്തിന് കഴിയുന്നില്ലെന്നാണ് തരൂരിന്റെ കുറ്റപ്പെടുത്തൽ.

അതേസമയം കേരളത്തിൽ കെ റെയിൽ നടപ്പിലാക്കുന്നതിനെതിരായ പാർട്ടി നിലപാടിന് ഒപ്പം തരൂർ നിൽക്കാത്തതിൽ കോൺഗ്രസ് ഹൈക്കമാൻഡിനും അതൃപ്തിയുണ്ട്. പൊതുനയങ്ങളിൽ വ്യക്തികളുടെ അഭിപ്രായത്തിന് പ്രാധാന്യമില്ലെന്നാണ് നേതൃത്വത്തിന്റെ നിലപാട്. പാർട്ടി നയത്തിന് പുറത്തേക്ക് തരൂർ പോകില്ലെന്ന് കെ.സി വേണുഗോപാൽ പ്രതികരിച്ചു.

സിൽവർലൈൻ പദ്ധതിയിൽ സംസ്ഥാന സർക്കാരിനെ പരോക്ഷമായി പിന്തുണയക്കുന്ന നിലപാടാണ് തരൂരിന്. ഇപ്പോൾ കേന്ദ്രത്തിനെതിരെ രംഗത്ത് വരികയും ചെയ്തു. പദ്ധതി സംബന്ധിച്ച് ലോക്സഭയിൽ ഉന്നയിച്ച ചോദ്യങ്ങളുടെ പകർപ്പ് പങ്കുവെച്ച ശേഷം പദ്ധതി സംബന്ധിച്ച ആശങ്കകൾ അകറ്റാൻ എല്ലാവരുമായി ചർച്ച നടത്താൻ കേന്ദ്രം തയ്യാറാകണമെന്നും തരൂർ ആവശ്യപ്പെട്ടു. പദ്ധതി പരിഗണിക്കുന്നതിന് സാമ്പത്തിക സാങ്കേതിക വശങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്നാണ് കേന്ദ്രം തരൂരിന് നൽകിയ മറുപടി.

അതേസമയം പാർട്ടി നിലപാടിന് വിരുദ്ധമായി മുന്നോട്ട് പോകുന്ന തരൂരിനെതിരെ കോൺഗ്രസിൽ കടുത്ത അതൃപ്തിയുണ്ട്. പാർട്ടിക്ക് വിധേയനാകാൻ തരൂർ തയ്യാറാകണമെന്ന് ഹൈക്കമാൻഡ് ആവശ്യപ്പെട്ടു. ഏത സാഹചര്യത്തിലാണ് തരൂരിന്റെ നീക്കങ്ങളെന്ന് അറിയില്ലെന്നും കാര്യങ്ങൾ പഠിച്ച ശേഷം നിലപാട് വ്യക്തമാക്കാമെന്നാണ് അദ്ദേഹം പറഞ്ഞതെന്നും പ്രതിപക്, നേതാവ് വി.ഡി സതീശൻ പറഞ്ഞു. ഒരാൾ ഒരു വിഷയത്തെ കുറിച്ച് പഠിക്കട്ടേയെന്ന് പറയുമ്പോൾ തടയുന്നതെങ്ങനെയാണെന്നും സതീശൻ ചോദിച്ചു.മുല്ലപ്പള്ളി രാമചന്ദ്രന് പിന്നാലെ കാസർഗോഡ് എം.പി രാജ്മോഹൻ ഉണ്ണിത്താനും തരൂരിനെതിരെ രംഗത്ത് വന്നു. കോൺഗ്രസിനകത്ത് നിൽക്കുന്നുവെങ്കിൽ നിലപാട് മാറ്റണം. പൊന്ന് കായ്ക്കുന്ന മരമാണെങ്കിലും പുരയ്ക്ക് മീതെ ചാഞ്ഞാൽ വെട്ടണമെന്നും അദ്ദേഹം പറഞ്ഞു. പാർട്ടിക്ക് പുറത്ത് പോകാനാണ് അദ്ദേഹം തീരുമാനിക്കുന്നതെങ്കിൽ ഒന്നും പറയാനില്ലെന്നും അദ്ദേഹം പറഞ്ഞു. പാർട്ടിയിലെ ഭൂരിഭാഗം എംപിമാർക്കും തരൂരിന്റെ നിലപാടിനോട് എതിർപ്പാണുള്ളത്.

## വിവാഹപ്രായം ഉയർത്തുന്നത് ചിലർക്ക് അംഗീകരിക്കാനാകുന്നില്ല, അവരെ സ്ത്രീകൾ കാണുന്നുണ്ട്– മോദി

**ലഖ്നൗ:** വനിതാക്ഷേമത്തിനായുള്ള തന്റെ സർക്കാരിന്റെ സംഭാവനകൾ ഉയർത്തിക്കാണിച്ചും സ്ത്രീകളുടെ വിവാഹപ്രായം 21–ആക്കി ഉയർത്തുന്നതിനെ ന്യായീകരിച്ചും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തർ പ്രദേശിലെ പ്രയാഗ്‌രാജിൽ സർക്കാർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ടുലക്ഷത്തിലധികം വനിതകൾ ഈ പരിപാടിയിൽ പങ്കെടുത്തതായാണ് റിപ്പോർട്ട്.കേന്ദ്രസർക്കാരിന്റേത് നിർണായക ചുവടുവെപ്പാണ്. മുൻപ് സ്ത്രീകളുടെ വിവാഹപ്രായം 18 വയസ്സായിരുന്നു. എന്നാൽ പെൺകുട്ടികൾക്ക് പഠനത്തിന് കൂടുതൽ സമയം ആവശ്യമുണ്ട്. അതിനാലാണ് ഞങ്ങൾ വിവാഹപ്രായം 21 ആക്കി ഉയർത്തുന്നത്, മോദി പറഞ്ഞു. വിവാഹപ്രായം ഉയർത്തുന്നതിനെ ചിലർ എതിർക്കുന്നത് സ്ത്രീകൾ കാണുന്നുണ്ടെന്നും ഒരു പാർട്ടിയുടെയും പേരു പരാമർശിക്കാതെ മോദി കൂട്ടിച്ചേർത്തു. തിരഞ്ഞെടുപ്പിനെ മുൻനിർത്തിയുള്ള പ്രസംഗമായിരുന്നു പ്രയാഗ് രാജിൽ മോദി നടത്തിയത്. കിഴക്കൻ ഉത്തർ പ്രദേശിലേക്കുള്ള കവാടം എന്നാണ് പ്രയാഗ്‌രാജ് അറിയപ്പെടുന്നത്. അഖിലേഷ് യാദവിനും മായാവതിയുടെ ബി.എസ്.പിയ്ക്കും നിർണായക സ്വാധീനമുള്ള മേഖലയാണിത്. കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയും ഇക്കുറി ഇവിടെ പ്രചാരണം ശക്തമാക്കിയിട്ടുണ്ട്. സ്ത്രീകേന്ദ്രീകൃത പ്രചാരണമാണ് പ്രിയങ്കയുടേത്.കഴിഞ്ഞ ഒരുമാസത്തിനിടെ ഇത് പത്താംവട്ടമാണ് മോദി ഉത്തർ പ്രദേശിലെത്തുന്നത്. ക്രമസമാധാനം, വിദ്യാഭ്യാസം, സാമ്പത്തികം തുടങ്ങി സ്ത്രീശാക്തീകരണവും സർക്കാരിന്റെ മുൻഗണനാവിഷയത്തിൽ ഉൾപ്പെടുന്നതാണെന്ന് മോദി കൂട്ടിച്ചേർത്തു. അഞ്ചു വർഷം മുൻപുവരെ ഉത്തർ പ്രദേശിൽ മാഫിയകളുടെയും ഗുണ്ടകളുടെയും ഭരണമായിരുന്നു. ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വന്നത് സ്ത്രീകൾക്കായിരുന്നു. പക്ഷെ സ്ത്രീകൾക്ക് ഒന്നും പറയാൻ കഴിയില്ലായിരുന്നു. നിങ്ങൾ പോലീസ് സ്റ്റേഷനെ സമീപിച്ചാൽ, ബലാത്സംഗം ചെയ്തവരെയും കുറ്റവാളികളെയും സഹായിക്കുന്ന ഫോൺവിളികൾ എത്തും. എന്നാൽ യോഗി കുറ്റവാളികളെ ജയിലിൽ അടച്ചെന്നും മോദി പറഞ്ഞു.



## ഇന്ത്യാവിരുദ്ധ പ്രചാരണങ്ങളും തെറ്റായ വാർത്തകളും; 20 പാക്‌യൂട്യൂബ് ചാനലുകൾ കേന്ദ്രം നിരോധിച്ചു

**ന്യൂഡൽഹി:** ഇന്ത്യാ വിരുദ്ധതയും തെറ്റായ വാർത്തകളും പ്രചരിപ്പിക്കുന്ന 20 യൂട്യൂബ് ചാനലുകളും രണ്ട് വാർത്താ വെബ്സൈറ്റുകളും നിരോധിച്ച് കേന്ദ്ര സർക്കാർ. പാകിസ്താൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന യുട്യൂബ് ചാനലുകളാണ് കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയം നിരോധിച്ചത്. രണ്ട് പ്രത്യേക ഉത്തരവുകളിലൂടെയാണ് യൂട്യൂബ് ചാനലുകളും വാർത്താ വെബ്സൈറ്റുകളും നിരോധിച്ചത്.

കശ്മീർ, ഇന്ത്യൻ ആർമി, രാജ്യത്തെ ന്യൂനപക്ഷ സമൂഹം, രാമക്ഷേത്രം, ഹെലികോപ്റ്റർ അപകടത്തിൽ കൊല്ലപ്പെട്ട ജനറൽ ബിപിൻ റാവത്ത് എന്നിവരെ കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന കാര്യങ്ങൾ ഈ ചാനലുകളും സൈറ്റുകളും പ്രചരിപ്പിച്ചിരുന്നു.

നിരവധി യൂട്യൂബ് ചാനകളുടെ ശൃംഖലയുള്ള 'നയാ പാകിസ്താൻ' ഗ്രൂപ്പിന്റെ ചാനലുകളും നിരോധിച്ചവയുടെ പട്ടികയിൽ ഉൾപ്പെടുന്നു. കേന്ദ്ര ഇന്റലിജൻസ് വിഭാഗവുമായും വിവിധ മന്ത്രാലയങ്ങളുമായും നടത്തിയ കൂടിയാലോചനയ്ക്ക് ശേഷമാണ് ചാനലുകളും വെബ്സൈറ്റുകളും നിരോധിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനമെടുത്തത്.






## രൺജിത് വധക്കേസ് ; അഞ്ച് എസ് ഡി പി ഐ പ്രവർത്തകർ അറസ്റ്റിൽ

**ആലപ്പുഴ :** രൺജിത് ശ്രീനിവാസിന്റെ കൊലപാതകത്തിൽ അഞ്ച് എസ് ഡി പി ഐ പ്രവർത്തകർ അറസ്റ്റിൽ. ആസിഫ്,സുധിർ,അർഷാദ്,അലി,നിഷാദ് എന്നിവരാണ് അറസ്റ്റിലായത്. പിടിയിലായ എല്ലാവരും മണ്ണഞ്ചേരി സ്വദേശികളാണെന്ന് പൊലീസ് വ്യക്തമാക്കി.ഇതിനിടെ ബിജെപി നേതാവ് രൺജിത് വധക്കേസിൽ കസ്റ്റഡിയിലെടുത്ത എസ്ഡിപിഐ പഞ്ചായത്തംഗം നവാസ് നൈനയെ പൊലീസ് വിട്ടയച്ചു. സർവകക്ഷി യോഗത്തിൽ പങ്കെടുക്കാനെത്തിയപ്പോഴാണ് ഇയാളെ പൊലീസ് കസ്റ്റഡിയിലെടുത്തത്.അതേസമയം ആലപ്പുഴ ജില്ലയിൽ നിരോധാജ്ഞ വ്യാഴാഴ്ച രാവിലെ ആറുവരെ നീട്ടി. ബിജെപി, എസ്ഡിപിഐ നേതാക്കളുടെ കൊലപാതകത്തെ തുടർന്ന് സംഘർഷാവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിലാണ് നിരോധനാജ്ഞ നീട്ടിയത്. സംസ്ഥാനത്ത് മൂന്ന് ദിവസത്തേക്ക് കർശന പരിശോധനക്ക് ഡി.ജി.പിയുടെ നിർദേശമുണ്ട്. സംസ്ഥാനത്തെ മുഴുവൻ പൊലീസ് സേനാംഗങ്ങളെയും ഇതിനായി നിയോഗിക്കും. വളരെ അടിയന്തിര സാഹചര്യങ്ങളിൽ മാത്രമേ പൊലീസ് ഉദ്യോഗസ്ഥർക്ക് അവധി അനുവദിക്കൂ. സംസ്ഥാനത്ത് രാത്രിയും പകലും വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്.

ആലപ്പുഴയിൽ സമാധാനം നിലനിർത്താൻ സർവകക്ഷി സമാധാന യോഗത്തിൽ ആഹ്വാനം. കൊലപാതകങ്ങളുടെ പേരിൽ ഇനി അനിഷ്ഠ് സംഭവം ഉണ്ടാകാൻ പാടില്ലെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് മന്ത്രിമാർ വ്യക്തമാക്കി. ഗൂഢാലോചനക്കാരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരും. വയലാറിലെ കൊലപാതകത്തിന്റെ തുടർച്ചയാണോ ഷാനിന്റെ കൊലപാതകമെന്ന് അന്വേഷിക്കും. പൊലീസിന് വീഴ്ച സംഭവിച്ചിട്ടില്ലെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു.

സമാധാനം നിലനിർത്താൻ എല്ലാ കക്ഷികളും പ്രാദേശിക ക്യാമ്പെയിൻ നടത്തണം. ഇക്കാര്യത്തിൽ എല്ലാ കക്ഷികളും സഹകരിക്കുമെന്ന് ഉറപ്പു നൽകിയതായി മന്ത്രി പി പ്രസാദ് വ്യക്തമാക്കി. പൊലീസിനെ മാനസികമായി ശക്തിപ്പെടുത്താനാണ് എല്ലാവരും ശ്രമിക്കേണ്ടത്. രാഷ്ട്രീയ പാർട്ടികൾ സമാധാനത്തിനു പ്രത്യേക യോഗം വിളിക്കും. മതപരമായ പ്രശ്നം ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തുമെന്നും അതിൽ എല്ലാ പാർട്ടികളും സഹകരിച്ചിട്ടുണ്ടെന്നും മന്ത്രി പി പ്രസാദ് പറഞ്ഞു.

ആരും പരസ്പരം ചെളിവാരി എറിയുന്ന തരത്തിൽ പ്രസ്താവനകൾ നടത്തരുത്, എല്ലാവരും സമാധാനം നിലനിർത്താൻ സഹകരിക്കണം. അന്വേഷണത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. ഇരു കൊലപാതകങ്ങൾക്കും പിന്നിലെ ഗൂഢാലോചനകളിൽ പങ്കാളികളായവരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്ന് സർക്കാർ വ്യക്തമാക്കി.




കേരള പ്രണാമം
editorialkeralapranamam@gmail.com

രാഹുകാലം : 12.00 to 01.30 pm
ഗുളികകാലം : 10.30 to 12.00 am
യമകണ്ടകകാലം : 07.30 to 09.00 am

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## ഇരട്ടവോട്ട് അടക്കം തെരഞ്ഞെടുപ്പിലെ കള്ളത്തരങ്ങൾ തടയാനുള്ള നീക്കങ്ങൾ സ്വാഗതാർഹമാണ്

ആധാർ കാർഡും വോട്ടേഴ്സ് ഐഡിയും തമ്മിൽ ബന്ധിപ്പിക്കുന്നതടക്കം തെരഞ്ഞെടുപ്പു പരിഷ്കരണവുമായി ബന്ധപ്പെട്ടു ശുപാർശകളുള്ള നിർണായക ബില്ലിന് തിങ്കളാഴ്ച ലോക്സഭ അംഗീകാരം നൽകിയിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ശക്തമായ എതിർപ്പിനും ബഹളത്തിനുമിടെ കാര്യമായ ചർച്ചയൊന്നും നടക്കാതെയാണു ബിൽ സഭ പാസാക്കിയത് എന്ന കുറവ് ഇതിനുണ്ട്. ലഖിംപുർ ഖേരിയിലെ അക്രമസംഭവങ്ങൾ അടക്കം പല വിഷയങ്ങളിൽ തുടർച്ചയായി സഭയിൽ പ്രതിഷേധം ഉയർത്തുന്ന പ്രതിപക്ഷം അതു തുടരുന്നതിനിടെയാണു തെരഞ്ഞെടുപ്പു പരിഷ്കരണ ഭേദഗതി ബിൽ നിയമ മന്ത്രി കിരൺ റിജ്ജു അവതരിപ്പിച്ചത്. ബിൽ പാർലമെന്ററി സമിതിയുടെ പരിശോധനയ്ക്കു വിടണമെന്നായിരുന്നു പ്രതിപക്ഷത്തിൻറെ ആവശ്യം. നിയമ- പെഴ്സണൽ മന്ത്രാലയത്തിന്റെ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശ ചെയ്ത പരിഷ്കാരങ്ങളാണു ബില്ലിൽ ഏറെയും എന്നതിനാൽ ഇനി പാർലമെന്ററി സമിതിക്കു വിടേണ്ട കാര്യമില്ലെന്നായിരുന്നു റിജ്ജുവിൻറെ മറുപടി.

സഭയിൽ ദീർഘമായ ചർച്ചയാണു സർക്കാർ ആഗ്രഹിക്കുന്നതെന്നും എന്നാൽ, പ്രതിപക്ഷ ബഹളം അതിനു തടസമാണെന്നുമായിരുന്നു മന്ത്രിയുടെ വാദം. പാർലമെന്ററി സമിതിക്കു വിട്ട് കാത്തിരിക്കുന്നതിൽ എന്തു കുഴപ്പം എന്ന നിലപാടായിരുന്നു പ്രതിപക്ഷത്തിന്. ഫലത്തിൽ തെരഞ്ഞെടുപ്പു പരിഷ്കരണം സംബന്ധിച്ച ഒരു പ്രധാന ബിൽ അതിന്റെ ഗൗരവത്തിൽ ചർച്ച ചെയ്യാതെ സഭ പാസാക്കിയിരിക്കുന്നു. അങ്ങനെയൊരു ചർച്ചയുടെ ആവശ്യമുണ്ടെന്നു സർക്കാരിനും പ്രതിപക്ഷത്തിനും ആത്മാർഥമായ തോന്നലുണ്ടായില്ല എന്നു തന്നെ പറയണം. വേണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിൽ ഇരു കൂട്ടർക്കും ഇക്കാര്യത്തിൽ ഒരു സമവായമുണ്ടാക്കാമായിരുന്നതാണ്. എന്നാൽ, അതിലുപരി രാഷ്ട്രീയ താത്പര്യങ്ങൾക്കാണു പതിവുപോലെ പ്രാധാന്യം ലഭിക്കുന്നത്. കാർഷിക പരിഷ്കരണ ബില്ലുകളുടെ കാര്യത്തിലും ഇതു കണ്ടതാണ്. വളരെയേറെ പ്രധാനപ്പെട്ട ബില്ലുകളായിരുന്നിട്ടും ഫലപ്രദമായ ചർച്ചകൾക്ക് അവസരമുണ്ടായില്ല. പ്രതിപക്ഷം ഈ പരാതി തുടർച്ചയായി ഉന്നയിച്ചുകൊണ്ടിരുന്നു. പിന്നീട് ഇതേ നിയമങ്ങൾ പിൻവലിക്കാനുള്ള ബില്ലുകൾ അടുത്തിടെ അവതരിപ്പിച്ചപ്പോഴും ഒരു ചർച്ചയും കൂടാതെയാണു പാസാക്കിയത്. ചർച്ച വേണമെന്നാവശ്യപ്പെട്ട് കുറെ പ്രതിപക്ഷ എംപിമാർ വെല്ലിൽ കയറി ബഹളമുണ്ടാക്കി. പ്രതിപക്ഷ ബഹളത്തിനിടെ ചർച്ചയ്ക്ക് എവിടെ അവസരം എന്നതായിരുന്നു സ്പീക്കറുടെ ചോദ്യം.ഒരു വർഷം മുഴുവൻ രാജ്യത്തു വിവാദ വിഷയമായിരുന്ന നിയമങ്ങൾ പിൻവലിക്കാനുള്ള ബില്ലുകൾ നാലു മിനിറ്റു കൊണ്ടാണു ലോക്സഭ പാസാക്കിയത്. ഉച്ചയ്ക്ക് 12.06ന് അവതരിപ്പിച്ചു; 12.10നു ശബ്ദവോട്ടോടെ പാസാക്കി. പ്രതിപക്ഷ ബഹളത്തിനിടെ സഭ പിരിയുകയും ചെയ്തു. രാജ്യത്ത് ഒരു നിയമം പിൻവലിക്കാനുള്ള ബിൽ ഇത്ര വേഗത്തിൽ പാസാകുന്നത് ആദ്യമാണ്. തൊട്ടുപിന്നാലെ രാജ്യസഭയും ബില്ലുകൾ അംഗീകരിച്ചു.

വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നതടക്കം പരിഷ്കാരങ്ങളും ഇനി രാജ്യസഭ അംഗീകരിക്കണം. അതിലെങ്കിലും ഇരു കൂട്ടരും സഹകരിച്ചു ചർച്ചകൾക്ക് അവസരമുണ്ടാക്കുമോ എന്നു കണ്ടു തന്നെ അറിയണം. ഏറെ പ്രാധാന്യമുള്ള നിയമനിർമാണങ്ങളാവുമ്പോൾ പാർലമെൻറിലും പുറത്തും ചർച്ച ചെയ്തു സമവായത്തിലെത്താനുള്ള സാധ്യതകൾ തേടേണ്ടതാണ്. പതിവു രാഷ്ട്രീയ ശൈലിയിൽ എതിർക്കാൻ വേണ്ടി എതിർക്കുകയും അനുകൂലിക്കാൻ വേണ്ടി അനുകൂലിക്കുകയും ചെയ്യുന്നതും ഒഴിവാക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾ നിയമനിർമാണം കൂടുതൽ ഗൗരവമുള്ളതും പൊതുസ്വീകാര്യതയുള്ളതുമായി മാറും. നിർഭാഗ്യവശാൽ അതൊന്നും നടക്കുന്നില്ല. പാർലമെൻറിനു മാത്രമല്ല, സംസ്ഥാന നിയമ നിർമാണ സഭകൾക്കും ബാധകമാണിത്. എന്തായാലും, ഇരട്ടവോട്ട് അടക്കം തെരഞ്ഞെടുപ്പിലെ കള്ളത്തരങ്ങൾ തടയാനുള്ള നീക്കങ്ങൾ സ്വാഗതാർഹമാണ്. 2015 മുതൽ തെരഞ്ഞെടുപ്പു കമ്മിഷൻ ആവശ്യപ്പെടുന്നതാണ് ആധാറും വോട്ടേഴ്സ് ഐഡിയും തമ്മിൽ ബന്ധിപ്പിക്കുന്നത്. കമ്മിഷൻ ഇതുമായി ബന്ധപ്പെട്ടു നടത്തിയ പൈലറ്റ് പ്രോജക്റ്റ് വിജയകരമാവുകയും ചെയ്തിരുന്നു. ഇതിലുള്ള പ്രായോഗിക പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതു ചർച്ച ചെയ്താണു പരിഹാരം കണ്ടെത്തേണ്ടത്. വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ വർഷത്തിൽ നാലു തവണ അവസരം നൽകുന്നത് തർക്കങ്ങളില്ലാതെ സ്വാഗതം ചെയ്യാവുന്നതുമാണ്. ശേഷവും ആവർത്തിക്കുന്നുണ്ട്. കൊലപാതകങ്ങളിൽ തങ്ങൾക്കു പങ്കില്ലെന്ന് ആരോപണ വിധേയരാവുന്ന കക്ഷികൾ പ്രസ്താവന ഇറക്കുന്നുണ്ട്. പ്രതിപക്ഷം സർക്കാരിനെതിരേ രംഗത്തുവരുന്നുണ്ട്. സർക്കാർ പക്ഷം ആരോപണ വിധേയരായ പാർട്ടികളെ വിമർശിച്ചും രംഗത്തുണ്ട്. ചേരി തിരിഞ്ഞുള്ള ഇത്തരം വാഗ്വാദങ്ങൾ വരുംദിവസങ്ങളിലും ആവർത്തിക്കുമെന്നുറപ്പാണ്. അതിനപ്പുറം രാഷ്ട്രീയ രംഗം ശുദ്ധീകരിക്കാനുള്ള സംയുക്ത നീക്കങ്ങളാണു സംസ്ഥാനത്തിനു വേണ്ടത്. ആശയങ്ങളെ ആശയങ്ങൾ കൊണ്ടാണു നേരിടേണ്ടത്. ആരെയും ശാരീരികമായി ആക്രമിച്ചിട്ടല്ല. പോർവിളി ഉയർത്തിയും ജനങ്ങളെ ഭയപ്പെടുത്തി നിർത്തിയുമല്ല. നിയമം കൈയിലെടുക്കാനും ജീവൻ അപഹരിക്കാനും ആർക്കും അവകാശമില്ല. എന്തിന്റെ പേരിലായാലും അത് അനുവദിക്കുകയുമരുത്. ആദർശങ്ങളുടെ പേരിൽ പ്രിയപ്പെട്ടവർ നഷ്ടപ്പെടുന്ന കുടുംബങ്ങളുടെ തീരാദുഃഖം ആവർത്തിക്കുന്ന പ്രവണത തടഞ്ഞേ തീരൂ.



## വീഡിയോ കണ്ടതിന് കിം ജോങ് ഉൻ മൂന്നു വർഷത്തിനിടെ വധിച്ചത് ഏഴ് പേരെ

സിയോൾ: വീഡിയോകൾ കാണുകയോ പ്രചരിപ്പിക്കുകയോ ചെയ്തതിന് മൂന്നു വർഷത്തിനിടയിൽ ഉത്തര കൊറിയയിൽ ഏഴ് പേരെ വധിച്ചതായി റിപ്പോർട്ട്. ഉത്തര കൊറിയൻ ഏകാധിപതി കിം ജോങ് ഉന്നിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് വധശിക്ഷ നടപ്പാക്കയതെന്നും റിപ്പോർട്ടിൽ പറയുന്നു. ദക്ഷിണ കൊറിയയിൽനിന്നുള്ള സിനിമകളും വീഡിയോകളും കണ്ടതിനോ വിതരണം ചെയ്തതിനോ ആണ് കൊല്ലപ്പെട്ട ഏഴ് പേരിൽ ആറ് പേർക്കും ശിക്ഷ ലഭിച്ചത്. 2012നും 2014നും ഇടയിലാണ് ഇവർ കൊല്ലപ്പെട്ടത്. ഇതിൽ ഒരാൾ കൊല്ലപ്പെട്ടത് 2015ൽ ആണ്. ദക്ഷിണകൊറിയയിൽനിന്നുള്ള സിനിമകളും സംഗീത വീഡിയോകളും ഉൾക്കൊള്ളുന്ന സിഡികളും പെൻഡ്രൈവുകളും വിൽപന നടത്തിയതിന് ഈ വർഷം മേയ് മാസത്തിൽ ഉത്തര കൊറിയ ഒരാളെ പരസ്യമായി വധശിക്ഷയ്ക്ക് വിധേയനാക്കിയതായി ദക്ഷിണ കൊറിയൻ മാധ്യമം റിപ്പോർട്ട് ചെയ്തിരുന്നു. ദക്ഷിണ കൊറിയൻ തലസ്ഥാനമായ സോൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു മനുഷ്യാവകാശ സംഘടനയാണ് ഇതു സംബന്ധിച്ച റിപ്പോർട്ട് പുറത്തുവിട്ടത്. ട്രാൻസിഷണൽ ജസ്റ്റിസ് വർക്കിങ് ഗ്രൂപ്പ് എന്ന ഈ സംഘടന കഴിഞ്ഞ ആറ് വർഷത്തിനിടെ 683 ഉത്തര കൊറിയക്കാരുമായി അഭിമുഖം നടത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഇക്കാലത്ത് ആകെ 27 വധശിക്ഷകൾ ഉത്തര കൊറിയ നടപ്പാക്കി. മയക്കുമരുന്ന് ഇടപാട്, വ്യഭിചാരം, മനുഷ്യക്കടത്ത് തുടങ്ങിയ കുറ്റകൃത്യങ്ങൾക്കാണ് ഈ ശിക്ഷ.ഉത്തരകൊറിയയിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരേ അന്താരാഷ്ട്ര ശ്രദ്ധ തിരിയുന്ന സാഹചര്യത്തിൽ, വധശിക്ഷകൾ രഹസ്യമായി നടത്താൻ ആരംഭിച്ചതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ടുതന്നെ കൊലപാതകങ്ങൾ സംബന്ധിച്ച വാർത്തകൾ പുറത്തുവരാതിരിക്കാൻ അവർ കൂടുതൽ ശ്രദ്ധിക്കുന്നു. വധശിക്ഷ സംബന്ധിച്ച വാർത്തകൾ പുറത്തുവരാതിരിക്കുന്നതിനാൽ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്ന് അർഥമില്ലെന്ന് റിപ്പോർട്ട് തയ്യാറാക്കിയവരിൽ ഒരാളായ പാർക്ക് ആയോങ് പറയുന്നു. ഭരണകൂട കൊലപാതകങ്ങൾ മുൻപത്തേതുപോലെ പരസ്യമല്ലാതായി എന്നു മാത്രമാണ് ഇതിന്റെ അർഥമെന്നും അദ്ദേഹം പറയുന്നു.

## കൊവിഷീൽഡ് രണ്ട് ഡോസും എടുത്താൽ എത്രനാൾ കൊവിഡിനെ ഭയക്കാതെ കഴിയാം, റിപ്പോർട്ട് പ്രസിദ്ധീകരിച്ച് ലാൻസെറ്റ്

**ലണ്ടൻ :** കൊവിഡിനെ നേരിടാൻ ബൂസ്റ്റർ ഡോസുകൾ വേണ്ടി വരുമെന്ന സൂചന നൽകി ശാസ്ത്ര ജേർണലായ ലാൻസെറ്റ് പ്രസിദ്ധീകരിച്ച പഠനം. കൊവിഷീൽഡ് രണ്ടാമത്തെ ഡോസ് എടുത്തവരിൽ മൂന്ന് മാസത്തിന് ശേഷം വാക്സിന്റെ സംരക്ഷണം കുറയുന്നതായിട്ടാണ് പഠനത്തിൽ കണ്ടെത്തിയത്. സ്കോട്ട്ലൻഡിലെയും ബ്രസീലിലെയും പഠനഫലങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതോടെ കൊവിഷീൽഡ് ഡോസുകൾ സ്വീകരിച്ച ആളുകൾക്ക് ബൂസ്റ്റർ വാക്സിൻ ഡോസുകൾ നൽകണമെന്ന് ആവശ്യവും ഉയരുകയാണ്. രണ്ട് ഡോസ് കൊവിഷീൽഡ് സ്വീകരിച്ച 18 വയസിന് മുകളിലുള്ള മുതിർന്നവരിലാണ് ബ്രസീലിലും സ്കോട്ട്ലൻഡിലും പഠനം നടത്തിയത്. സ്കോട്ട്ലൻഡിലെ പഠനപ്രകാരം വാക്സിൻ രണ്ട് ഡോസും സ്വീകരിച്ചവരിൽ 18-19 ആഴ്ചകൾ കഴിയുമ്പോൾ 42.2% ആയി സംരക്ഷണ ശേഷി കുറഞ്ഞതായി കണ്ടെത്തി. ബ്രസീലിലെ പഠനത്തിലും സമാനമായിരുന്നു ഫലം. ഇന്ത്യയിൽ കൊവിഷീൽഡ് നിർമ്മിക്കുന്ന സെറം ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇന്ത്യ ബൂസ്റ്റർ ഡോസുകൾ നൽകാൻ തങ്ങൾ തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിച്ചിരുന്നു. ബൂസ്റ്റർ ഡോസായി ഇന്ത്യയിൽ കൊവിഷീൽഡിനെ അംഗീകരിക്കണമെന്ന ആവശ്യത്തിൽ അന്തിമ തീരുമാനം ഇനിയും എടുത്തിട്ടില്ല. ബൂസ്റ്റർ ഡോസ് അംഗീകാരത്തിനുള്ള ന്യായീകരണത്തോടൊപ്പം പ്രാദേശിക ക്ലിനിക്കൽ ട്രയൽ ഡാറ്റ സമർപ്പിക്കുവാനാണ് സെൻട്രൽ ഡ്രഗ് അതോറിറ്റിയുടെ വിദഗദ്ധ പാനൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനകം ലോകമെമ്പാടുമുള്ള 60ലധികം രാജ്യങ്ങൾ ബൂസ്റ്റർ ഡോസുകൾ നൽകിയിട്ടുണ്ട്.



## പുതുവർഷത്തിലും കൊവിഡ് ! ലോക്ഡൗണിന് സമാനമായ നിയന്ത്രണങ്ങൾ, ആൾക്കൂട്ടങ്ങൾ പാടില്ല, ഹോട്ടലുകളിൽ പകുതി പേർ മാത്രം,



**ബംഗളൂരു :** കർണാടകയിൽ കൊവിഡ് വ്യാപനം വർദ്ധിക്കുന്നതിന്റെ സൂചന ലഭിച്ചതോടെ വീണ്ടും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സർക്കാർ.പ്രധാനമായും ന്യൂ ഇയർ ആഘോഷങ്ങൾക്കാണ്വിലക്ക്. കൂട്ടം കൂടിയുള്ള ആഘോഷങ്ങൾ സംസ്ഥാനത്ത് ഒരിടത്തും അനുവദിക്കില്ല, ഇതിന് പുറമേ റെസ്റ്റോറന്റുകളും ബാറുകളും മൊത്തം ശേഷിയുടെ അമ്ബത് ശതമാനം പേരെ മാത്രമേ അനുവദിക്കാവൂ എന്നും നിർദ്ദേശമുണ്ട്. ഡി ജെ പാർട്ടികളും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒമിക്രോൺ ഉൾപ്പടെയുള്ള കൊവിഡ് കേസുകളിൽ ദിനംപ്രതി വർദ്ധനവുണ്ടാകുന്നത് പരിഗണിച്ചാണ് നിയന്ത്രണങ്ങൾ. ഡിസംബർ മുപ്പത് മുതൽ ജനുവരി രണ്ട് വരെയാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്.

ഡിസംബർ മുപ്പത് മുതൽ ജനുവരി 2 വരെ സംസ്ഥാനത്ത് പാർട്ടികൾക്ക് പുറമേ ബഹുജന സമ്മേളനളും അനുവദിക്കില്ലെന്ന് കർണാടക മുഖ്യമന്ത്രി ബസവരാജ് ബൊമ്മൈ ചൊവ്വാഴ്ച പ്രഖ്യാപിച്ചു. 'ഞങ്ങൾ പുതുവർഷത്തിന്റെ പൊതു ആഘോഷങ്ങൾ നിയന്ത്രിച്ചിരിക്കുന്നു, അതേസമയം ഡി ജെ പോലുള്ള പരിപാടികളൊന്നുമില്ലാതെ 50 ശതമാനം സീറ്റിംഗ് കപ്പാസിറ്റിയുള്ള ക്ലബ്ബുകളിലും റെസ്റ്റോറന്റുകളിലും ആഘോഷങ്ങൾ അനുവദനീയമാണ്,' മുഖ്യമന്ത്രി ബസവരാജ് ബൊമ്മൈ പറഞ്ഞു. കൊവിഡ് നയരൂപീകരണവുമായി ബന്ധപ്പെട്ട് വീഡിയോ കോൺഫറൻസിലൂടെ ബസവരാജ് ബൊമ്മൈ വിദഗ്ദ്ധരുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ചർച്ചയിൽ ഉണ്ടായ തീരുമാന പ്രകാരമാണ് നിയന്ത്രണങ്ങൾ.

നഗരത്തിലെ ഫ്ളാറ്റുകളിലും മറ്റും ന്യൂ ഇയർ പ്രമാണിച്ച്പാർട്ടികളും, ഡി ജെയും നടത്തുന്നതും വിലക്കിയിട്ടുണ്ട്. ചട്ടങ്ങൾ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ റസിഡന്റ്സ് അസോസിയേഷനുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.



## ഫോൺ ചോർത്തൽ മാത്രമല്ല, മക്കളുടെ ഇൻസ്റ്റഗ്രാം ഹാക്ക് ചെയ്തു: പ്രിയങ്ക

**ഡൽഹി:** തന്റെ മക്കളുടെ ഇൻസ്റ്റഗ്രാം അക്കൗണ്ടുകൾ സർക്കാർ ഹാക്ക് ചെയ്തെന്ന ആരോപണ വുമായി കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി. ഉത്തർ പ്രദേശിലെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്- ആദായ നികുതി വകുപ്പ് റെയ്ഡുകളെ കുറിച്ചും ഫോൺ ചോർത്തൽ ആരോപണത്തേ ക്കുറിച്ചുമുള്ള മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അവർ. ഫോൺ ചോർത്തൽ മാത്രമല്ല, അവർ എന്റെ മക്കളുടെ ഇൻസ്റ്റഗ്രാം അക്കൗണ്ടുകൾ വരെ ഹാക്ക് ചെയ്തു. അവർക്ക് വേറെ ജോലിയൊന്നുമില്ലേ, എന്നായിരുന്നു പ്രിയങ്കയുടെ പ്രതികരണം. സമാജ്വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് കഴിഞ്ഞദിവസം ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെ തിരെ ഫോൺ ചോർത്തൽ ആരോപണം ഉന്നയിച്ചിരുന്നു. ഞങ്ങൾ എല്ലാവരുടെയും ഫോണുകൾ ചോർത്തുകയും സംഭാഷണങ്ങൾ റെക്കോഡ് ചെയ്യുകയു മാണ്. ചില റെക്കോഡിങ്ങുകൾ, വൈകുന്നേരങ്ങളിൽ മുഖ്യമന്ത്രി തന്നെ കേൾക്കാറുണ്ട്, എന്നായിരുന്നു അഖിലേഷിന്റെ ആരോപണം. ഇതിനു പിന്നാലെ അഖിലേഷിന് മറുപടിയുമായി യോഗി എത്തിയിരുന്നു. അധികാരത്തിലിരിക്കെ, ഒരുപക്ഷെ അഖിലേഷ് ഇതിന് സമാനമായ കാര്യം ചെയ്തിട്ടുണ്ടാവാം. ഇപ്പോൾ അദ്ദേഹം മറ്റുള്ളവരെ ആക്ഷേപിക്കുകയാണ് എന്നായിരുന്നു യോഗിയുടെ മറുപടി.

## ഇമ്രാൻ ഖാന്റെ നെഞ്ച് തകർത്ത് പാകിസ്ഥാനിലെ പ്രവിശ്യാ തിരഞ്ഞെടുപ്പ് ഫലം; ഇതുവരെ തോൽവിയറിയാത്തയിടങ്ങളിൽ വരെ ദയനീയ തോൽവി

**ഖൈബർ പക്തൂൺഖ്വ:** കൊവിഡ് കാലത്തെ രാജ്യത്തെ പ്രതിസന്ധിയും തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും വിലക്കയറ്റവും കൊണ്ട് പൊറുതിമുട്ടുകയാണ് പാകിസ്ഥാൻ.പ്രധാനമന്ത്രി ഇമ്രാൻ ഖാനെതിരെ ജനങ്ങളിലുള്ള അപ്രീതി വർദ്ധിക്കുന്നതിന്റെ സൂചനകൾ ഇപ്പോൾ പുറത്തുവരികയാണ്. കഴിഞ്ഞ എട്ട് വർഷങ്ങളായി പാക് പ്രധാനമന്ത്രിയുടെ പാർട്ടിയായ തെഹ്രീക് ഇ ഇൻസാഫ് പരാജയമറിയാതെ ഭരിക്കുന്ന ഒരു പ്രവിശ്യയിലെ ഒന്നാം ഘട്ട തിരഞ്ഞെടുപ്പിൽ പാർട്ടി ദയനീയമായി തോറ്റു. 21 സീറ്റുകളിലാണ് ഇവിടെ പ്രതിപക്ഷ പാർട്ടികൾ വിജയിച്ചത്.

മേയർമാരെയും മറ്റ് മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരെയും തിരഞ്ഞെടുക്കാനായി വടക്കുപടിഞ്ഞാറൻ ഖൈബർ പക്തൂൺഖ്വ പ്രവിശ്യയിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ 34 സീറ്റുകളിൽ വോട്ടെണ്ണൽ പുരോഗമിക്കുകയാണ്. എന്നാൽ ഇപ്പോൾ ഫലംവന്ന അതേ തരത്തിലാണ് ലീഡ് നിലയുമുള്ളത്.കഴിഞ്ഞ രണ്ട് പ്രവിശ്യാ തിരഞ്ഞെടുപ്പുകളിലും ഇമ്രാൻ ഖാന്റെ പാർട്ടി മികച്ച വിജയം നേടുകയും ഭരണം നേടുകയും ചെയ്തിരുന്നു ഇവിടെ. ഡിസംബർ 24നാണ് അന്തിമഫലം പു

റത്തുവരിക. പണപ്പെരുപ്പവും കുറഞ്ഞ സാമ്ബത്തിക വളർച്ചയും ഇമ്രാന്റെ തകർച്ചയ്ക്ക് കാരണമായതായി ദാവൂദ് ഇക്വിറ്റീസ് ലിമിറ്റഡ് കോർപറേറ്റ് മേധാവി മേമൂന തൻവീർ പറഞ്ഞു.

ഏഷ്യയിലെ ഏറ്റവും മോശമായ പ്രകടനമുള്ള കറൻസി പാകിസ്ഥാനിലേതാണ്. പാർട്ടിയിലെ മോശം സ്ഥാനാർത്ഥി നിർണയമാണ് പരാജയ കാരണമെന്നാണ് ഇമ്രാന്റെ പ്രതികരണം. രണ്ട് വർഷം കൂടി ബാക്കിയുളളതായും തിരഞ്ഞെടുപ്പിൽ തിരിച്ചുവരവിന് ഇത് സഹായിക്കുമെന്നാണ് തെഹ്രീക് ഇ ഇൻസാഫ് നേതാക്കൾ അഭിപ്രായപ്പെടുന്നത്. അടുത്ത ഘട്ടം തിരഞ്ഞെടുപ്പിൽ പാർട്ടി തിരികെയെത്തുമെന്ന് ഇമ്രാൻ ഖാനും ട്വിറ്ററിൽ പോസ്റ്റ് ചെയ്തു.



# സംസ്ഥാനത്തെ സമ്പൂർണ വാക്സിനേഷൻ 75 ശതമാനം; വാക്സിനെടുത്തത് രണ്ട് കോടിയിലധികം പേർ

**തിരുവനന്തപുരം:** ഒന്നും രണ്ടും ഡോസ് ചേർത്ത് സംസ്ഥാനത്തെ സമ്പൂർണ കൊവിഡ് വാക്സിനേഷൻ 75 ശതമാനം കഴിഞ്ഞതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 97.38 ശതമാനം പേർക്ക് (2,60,09,703) ആദ്യ ഡോസ് വാക്സിനും 75 ശതമാനം പേർക്ക് (2,00,32,229) രണ്ടാം ഡോസ് വാക്സിനും നൽകി. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ 4,60,41,932 ഡോസ് വാക്സിനാണ് നൽകിയത്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ദേശീയ തലത്തിൽ ഒന്നാം ഡോസ് വാക്സിനേഷൻ 88.33 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 58.98 ശതമാനവുമാകുമ്പോഴാണ് കേരളം ഈ നേട്ടം കൈവരിക്കുന്നത്. സംസ്ഥാനത്ത് ഒമിക്രോൺ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. മൂക്കും വായും മൂടത്തക്കവിധം ശരിയായ രീതിയിൽ മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലികകുകയും ഇടയ്ക്കിടയ്ക്ക് സോപ്പോ സാനിറ്റൈസറോ ഉപയോഗിച്ച് കൈ വൃത്തിയാക്കുകയും വേണം. ഇതോടൊപ്പം പ്രധാനമാണ് വാക്സിനേഷൻ. ഒമിക്രോൺ സാഹചര്യത്തിൽ പ്രത്യേക കോവിഡ് വാക്സിനേഷൻ യജ്ഞങ്ങൾ നടന്നു വരികയാണ്. സംസ്ഥാനത്ത് 10 ലക്ഷത്തോളം ഡോസ് വാക്സിൻ സ്റ്റോക്കുണ്ട്.പത്തനംതിട്ട, ഇടുക്കി, എറണാകുളം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ 100 ശതമാനത്തോളം പേരും ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 99 ശതമാനം പേരും തിരുവനന്തപുരം ജില്ലയിൽ 98 ശതമാനം പേരും കോട്ടയം, കോഴിക്കോട് ജില്ലകളിൽ 97 ശതമാനം പേരും ആദ്യ ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. 85 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിൻ നൽകിയ വയനാട് ജില്ലയാണ് സമ്പൂർണ വാക്സിനേഷനിൽ മുന്നിലുള്ളത്. 83 ശതമാനം പേർക്ക് സമ്പൂർണ വാക്സിനേഷൻ നൽകിയ പത്തനംതിട്ട ജില്ലയാണ് തൊട്ട് പുറകിൽ. ആരോഗ്യ പ്രവർത്തരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിനും യഥാക്രമം 91, 93 ശതമാനം രണ്ടാം ഡോസ് വാക്സിനുമെടുത്തിട്ടുണ്ട്. സ്ത്രീകളാണ് പുരുഷൻമാരേക്കാൾ വാക്സിനെടുത്തത്. സ്ത്രീകൾ 2,40,42,684 ഡോസ് വാക്സിനും പുരുഷൻമാർ 2,19,87,271 ഡോസ് വാക്സിനുമാണെടുത്തത്.കൊവിഡ് ബാധിച്ചവർക്ക് 3 മാസം കഴിഞ്ഞ് മാത്രം വാക്സിനെടുത്താൽ മതി. രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഒട്ടും കാലതാമസം വരുത്തരുത്. കൊവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കൊവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്. ഇനിയും വാക്സിനെടുക്കാത്തവർ എത്രയും വേഗം വാക്സിൻ സ്വീകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

## തൃശൂരിൽ ഇതര സംസ്ഥാന തൊഴിലാളിയുടെ കൊലപാതകം

# പ്രതിപട്ടികയിൽ പതിനാറുകാരനും



**തൃശൂർ:** ഇതര സംസ്ഥാന തൊഴിലാളിയെ കൊലപ്പെടുത്തിയ കേസിലെ പ്രതിപട്ടികയിൽ പതിനാറുകാരനും. കൊലപാതകത്തിന് ശേഷം മൃതദേഹം മറവ് ചെയ്യുന്നതിന് പതിനാറുകാരൻ കൂട്ടുനിന്നതായി പൊലീസ് കണ്ടെത്തി. പ്രായപൂർത്തിയാകാത്ത കുട്ടിയെ ചിൽഡ്രൻസ് ഹോമിലേക്ക് മാറ്റി. തൃശൂർ ചേർപ്പിൽ ഇതര സംസ്ഥാന തൊഴിലാളിയെ കൊലപ്പെടുത്തിയത് ഭാര്യയുടെ കാമുകനാണെന്ന് കണ്ടെത്തിയിരുന്നു. ഇരുവർക്കും ഒരുമിച്ച് ജീവിക്കാൻ വേണ്ടിയാണ് കൊലപ്പെടുത്തിയതെന്നാണ് മൊഴി. ബംഗാൾ സ്വദേശി മൻസൂർ മാലിക്കാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഭാര്യ രേഷ്മ ബീവി , കാമുകൻ ധീരു എന്നിവരെ പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു.ഒരാഴ്ച മുമ്പാണ് സംഭവം ഉണ്ടായത്. കാമുകന്റെ സഹായത്തോടെ മൻസൂറിനെ ഇരുമ്പുവടി കൊണ്ട് തലയ്ക്കടിച്ച് കൊന്ന ശേഷം താമസസ്ഥലത്തുതന്നെ കുഴിച്ചു മൂടുകയായിരുന്നു. തുടർന്ന് ഭർത്താവിനെ കാണാനില്ലെന്ന് രേഷ്മ പൊലീസിന് പരാതി നൽകി. പിന്നാലെ നടന്ന അന്വേഷണത്തിൽ രേഷ്മ തന്നെ ഭർത്താവിനെ കൊന്ന് കുഴിച്ചിടുകയായിരുന്നുവെന്ന് കണ്ടെത്തുകയായിരുന്നു. രേഷ്മ കുറ്റം സമ്മതിച്ചെന്ന് പൊലീസ് വ്യക്തമാക്കിയിരുന്നു.

# 'ഇതു പൊതുതാത്പര്യമല്ല, പ്രശസ്തിതാത്പര്യം'; പ്രധാനമന്ത്രിയുടെ ചിത്രം നീക്കണമെന്ന ഹർജി തള്ളി

**കൊച്ചി:** കോവിഡ് പ്രതിരോധ വാക്സിൻ സർട്ടിഫിക്കറ്റിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചിത്രം ഒഴിവാക്കണമെന്ന ഹർജി ഹൈക്കോടതി ചെലവു സഹിതം തള്ളി.ഹർജി ബാലിശമെന്നു വിലയിരുത്തിയ കോടതി ഹർജിക്കാരന് ഒരു ലക്ഷം രൂപ പിഴ ചുമത്തി. പൊതുതാത്പര്യമല്ല, പ്രശസ്തി താത്പര്യമാണ് ഹർജിക്കു പിന്നിലുള്ളതെന്ന് ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണൻ അഭിപ്രായപ്പെട്ടു.ഇപ്പോഴത്തെ കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ് പൗരന്മാരുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്നതാണെന്നും പ്രധാനമന്ത്രിയുടെ ഫോട്ടോയില്ലാത്ത സർട്ടിഫിക്കറ്റ് വേണമെന്നും ആവശ്യപ്പെട്ട് കോട്ടയം സ്വദേശിയായ എം പീറ്ററാണ് ഹർജി നൽകിയത്.അദ്ദേഹം നമ്മുടെ പ്രധാനമന്ത്രിയാണ്, അമേരിക്കയുടേതല്ല. ഏതെങ്കിലും കുറുക്കുവഴികളിൽ കൂടിയല്ല മോദി പ്രധാനമന്ത്രിയായത്. ജനങ്ങൾ തെരഞ്ഞെടുത്തിട്ടാണ്.' നേരത്തെ കേസിന്റെ വാദത്തിനിടെ കോടതി അഭിപ്രായപ്പെട്ടു. എന്തിനാണ് പ്രധാനമന്ത്രിയെക്കുറിച്ച് ലജ്ജിക്കുന്നതെന്ന് ചോദിച്ച കോടതി നൂറുകോടി ജനങ്ങൾക്കില്ലാത്ത എന്ത് പ്രശ്നമാണ് ഹർജിക്കാരനുള്ളതെന്നും ആരാഞ്ഞിരുന്നു.എന്തിനാണ് ഹർജിക്കാരൻ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പേരിലുള്ള സ്ഥാപനത്തിൽ ജോലി ചെയ്യുന്നതെന്നും സ്ഥാപനത്തിൽ നിന്ന് നെഹ്റുവിന്റെ പേര് നീക്കം ചെയ്യാൻ നിലപാട് എടുക്കാത്തത് എന്താണെന്നും കോടതി ചോദിച്ചു.'നിങ്ങൾക്ക് രാഷ്ട്രീയ വിയോജിപ്പുകളുണ്ടാകാം. പക്ഷേ വാക്സിൻ സർട്ടിഫിക്കറ്റിൽ പ്രധാനമന്ത്രിയുടെ ചിത്രം വേണ്ടെന്ന് പറയുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല'ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണൻ പറഞ്ഞു.സർക്കാർ ക്യാമ്പയിനുകളിൽ രാഷ്ട്രീയ നേതാക്കളുടെ ചിത്രം വയ്ക്കാൻ പാടുള്ളതല്ലെന്നും ഇത് പൗരന്റെ തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെ ബാധിക്കുന്നതാണെന്നുമാണ് പീറ്റർ ഹർജിയിൽ പറഞ്ഞത്. പൊതു പണം ഉപയോഗിച്ചുകൊണ്ടുള്ള സർക്കാർ ക്യാമ്പയിനുകളെ കുറിച്ചുള്ള സുപ്രീം കോടതി നിർദേശം ചൂണ്ടിക്കാട്ടിയാണ് പീറ്റർ ഹർജി സമർപ്പിച്ചത്.വാക്സിൻ സർട്ടിഫിക്കറ്റിൽ മോദിയുടെ ചിത്രം ഉൾപ്പെടുത്തിയിരിക്കുന്നത് നിർബന്ധിതമായിട്ടാണെന്ന് പരാതിക്കാരൻ വാദിച്ചു. ' മോദിയെ ടിവിയിൽ കാണുമ്പോൾ നിങ്ങൾ കണ്ണടയ്ക്കുമോ' എന്നായിരുന്നു കോടതിയുടെ മറുചോദ്യം.' ടിവി കാണുമ്പോൾ എനിക്ക് കണ്ണടയ്ക്കാം. എന്നാൽ എന്റെ സർട്ടിഫിക്കറ്റ് എന്റെ സ്വകാര്യതയാണ്'പീറ്റർ ഇതിന് മറുപടി നൽകി. മറ്റു രാജ്യങ്ങളിലെ വാക്സിൻ സർട്ടിഫിക്കറ്റുകൾ താൻ പരിശോധിച്ചെന്നും അതിലൊന്നും പ്രധാനമന്ത്രിമാരുടെ ചിത്രങ്ങൾ വച്ചിട്ടില്ലെന്നും പീറ്റർ ചൂണ്ടിക്കാട്ടി. എന്നാൽ അവരുടെ പ്രധാനമന്ത്രിമാരെ കുറിച്ച് ആ രാജ്യങ്ങൾ അഭിമാനിക്കുന്നുണ്ടാകില്ല എന്നായിരുന്നു



വടക്കാഞ്ചേരി ചരിത്രപ്രസിദ്ധമായ ഉത്രാളിക്കാവ് വേലയുടെ തട്ടകദേശത്ത് ദേശ പാനക്ക് തുടക്കമായി

## ഇടത് സർക്കാർ അഴിമതി ആസൂത്രണം ചെയ്യുന്നു - അഡ്വ. മാർട്ടിൻ ജോർജ്ജ്

**കണ്ണൂർ:** അതിവേഗ റെയിൽ പാതയും ജലപാതയുമായി ഇടതു സർക്കാർ മുന്നോട്ട് പോകുന്നത് അഴിമതി ലക്ഷ്യമിട്ടാണെന്നും ഈ പദ്ധതികൾ കേരളത്തിന്റെ പാരിസ്ഥിതിക സന്തുലനം തകർക്കുമെന്നും സർക്കാർ ഇതിൽ നിന്ന് പിൻവാങ്ങണമെന്നും ഡി.സി.സി. പ്രസിഡൻറ് അഡ്വ.മാർട്ടിൻ ജോർജ് അഭിപ്രായപ്പെട്ടു. കേരള മുനിസിപ്പൽ & കോർപറേഷൻ സ്റ്റാഫ് അസോസിയേഷൻ കണ്ണൂർ കാസർഗോഡ് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് കെ.പി.ഹാഷിം അധ്യക്ഷത വഹിച്ചു. പാനൂർ നഗരസഭ ചെയർമാൻ വി.നാസർ , കെ പി സി സി മെമ്പർ വി.സുരേന്ദ്രൻ , ഇ-പി. അശോകൻ സംസാരിച്ചു. പ്രതിനിധി സമ്മേളനം ഉദ്ഘാടനം സംഘടനാ സംസ്ഥാന പ്രസിഡണ്ട് പി.ഐ ജേക്കബ്സൺ നിർവ്വഹിച്ചു. ജില്ലാ പ്രസിഡണ്ട് എ.കെ പ്രകാശൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡണ്ട് പി.എം.ബാബുരാജ്, സെക്രട്ടറി വി.പ്രേമരാജൻ, എൻ.കെ. ജോബിൻ, പി.മണി പ്രസാദ്, എ.ടി.ധന്യ, വി.കെ.ജോഷ്ന, റസാഖ്.സി.കെ, ഇ.ടി. നിഷാജ് എന്നിവർ പ്രസംഗിച്ചു. യാത്രയയപ്പ് സമ്മേളനം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഉമൈസ തിരുവമ്പാടി ഉദ്ഘാടനം ചെയ്തു.പി. കൃഷ്ണൻ, അൻസാർ, സത്യൻ വെള്ളോത്ത്, ഉസ്മാൻ ചാലിയോടൻ, എൻ.പി.പ്രദീപൻ എന്നിവർ സംസാരിച്ചു. നഗരസഭാ ജീവനക്കാരുടെ ശമ്പളവും പെൻഷനും സർക്കാർ ഏറ്റെടുക്കുക, നഗരസഭാ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കുക, അശാസ്ത്രീയ പൊതു സർവ്വീസ് രൂപീകരണ തീരുമാനം പുന:പരിശോധിക്കുക, അധികാര വികേന്ദ്രീകരണത്തിന് കടകവിരുദ്ധമായ ഉത്തരവുകൾ പിൻവലിക്കുക, കുടിശിക ക്ഷാമബത്ത അനുവദിക്കുക, സൂപ്പർ ന്യൂ മററി തസ്തികളിൽ പ്രമോഷനും സ്ഥലം മാറ്റവും അനുവദിക്കുക, ലോക്കൽ ട്രെയിനുകൾ സാധാരണ നിലയിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ഉന്നയിച്ചു.ഭാരവാഹികൾ - പ്രസിഡന്റ് - എ.കെ.പ്രകാശൻ വൈസ് പ്രസിഡണ്ട്: സത്യൻ വെള്ളോത്ത്, ജിതേഷ് കുമാർ, വി.വി.ഷാജി സെക്രട്ടറി - ഇ. ടി. നിഷാജ് , ജോയന്റ് സെക്രട്ടറി: ഇ.പി. അശോകൻ, സന്തോഷ് പി, ജോഷ്ന വി.കെ.ട്രഷറർ - കെ.ഉദയകുമാർ








## ഇരട്ടക്കൊലപാതകം

# അന്വേഷണത്തിൽ നല്ല പുരോഗതി, സാമൂഹിക മാധ്യമങ്ങൾ നിരീക്ഷണത്തിൽ; വിജയ് സാഖറെ

**ആലപ്പുഴ:** ആലപ്പുഴയിലെ കൊലപാതകങ്ങളിൽ ഗൂഢാലോചനയെക്കുറിച്ചുള്ള അന്വേഷണം പ്രാഥമികഘട്ടത്തിലെന്ന് എഡിജിപി വിജയ് സാഖറെ. സാമൂഹിക മാധ്യമങ്ങളിലെ പ്രകോപനപരമായ പോസ്റ്റുകൾ നിരീക്ഷിക്കുന്നുണ്ട്. ഷാൻ വധത്തിൽ രണ്ടുപേർ അറസ്റ്റിലായിട്ടുണ്ടെന്നും നിരവധി പേർ കസ്റ്റഡിയിലാണെന്നും വിജയ് സാഖറെ പറഞ്ഞു.അന്വേഷണത്തിൽ നല്ല പുരോഗതിയുണ്ട്. കൂടുതൽ വിവരങ്ങൾ പുറത്തുവിടാറായിട്ടില്ല. ചില കാര്യങ്ങളിൽ കൂടുതൽ വ്യക്തത ലഭിക്കാനുണ്ട്. പ്രതികളെ മുഴുവൻ തിരിച്ചറിഞ്ഞിട്ടില്ല. അന്വേഷണം പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം വിശദമായി അന്വേഷിക്കുന്നുണ്ട്. ശക്തമായ തെളിവുകൾ ലഭിച്ചാൽ മാത്രമേ ഇക്കാര്യം സ്ഥിരീകരിക്കാൻ കഴിയു. പ്രധാനമായും പ്രതികളെ കണ്ടെത്താനാണ് ശ്രദ്ധ നൽകുന്നതെന്നും സാഖറെ കൂട്ടിച്ചേർത്തു.

## കനാലിൽ പിഞ്ചുകുഞ്ഞിന്റെ മൃതദേഹം, അന്വേഷണം ആരംഭിച്ച് പോലീസ്



**തൃശൂർ:** പൂങ്കുന്നത്ത് എംഎൽഎ റോഡിലുള്ള കനാലിൽ നിന്നാണ് പിഞ്ചു കുഞ്ഞിന്റെ മൃതദേഹം കണ്ടെത്തിയത്.പൊലീസ് അന്വേഷണം ആരംഭിച്ചു.ഇന്ന് രാവിലെ പത്തുമണിയോടെയാണ് സംഭവം. നാട്ടുകാരാണ് പിഞ്ചു കുഞ്ഞിന്റെ മൃതദേഹം കണ്ടത്. ഉടൻ തന്നെ വെസ്റ്റ് പൊലീസിനെ വിവരം അറിയിക്കുകയായിരുന്നു.സാമാന്യം വലിപ്പമുള്ള കനാലാണിത്. എവിടെ നിന്നാണ് കുഞ്ഞിനെ ഉപേക്ഷിച്ചത് എന്ന കാര്യം വ്യക്തമല്ല. പൊലീസ് അന്വേഷണം ആരംഭിച്ചു. വരുംമണിക്കൂറിൽ കൂടുതൽ വ്യക്തത ലഭിക്കുമെന്നാണ് സൂചന. കുഞ്ഞിനെ തിരിച്ചറിയുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളാണ് പൊലീസ് അന്വേഷിക്കുന്നത്. മൃതദേഹത്തിന് പഴക്കമുണ്ടെന്ന് പൊലീസ് പറയുന്നു.



## സി.എം.പി. ഓഫീസ് തിരിച്ചു പിടിക്കും: കെ സുധാകരൻ .എം.പി


**കണ്ണൂർ :** അനധികൃത മാർഗ്ഗത്തിലൂടെ ഐ.ആർ.പി.സി കയ്യടക്കിയ സി.എം.പി. ജില്ലാ കൗൺസിൽ ഓഫീസ് കെട്ടിടം തിരിച്ചു പിടിക്കുവാൻ സി.എം.പി. പ്രവർത്തകർക്ക് ഐക്യജനാധിപത്യ മുന്നണി എല്ലാ സഹായവും നൽകുമെന്ന് കെ.പി.സി.സി. പ്രസിഡണ്ട് കെ.സുധാകരൻ എം.പി. പ്രസ്താവിച്ചു. സി എം പി പ്രവർത്തകർ നിരവധി പ്രതിസന്ധികളും വെല്ലുവിളികളും നേരിട്ടാണ് രാഷ്ട്രീയ പ്രവർത്തനം നടത്തിയതും സ്വന്തമായി പാർട്ടി ഓഫീസ് കെട്ടിപ്പടുത്തതും. എല്ലാം പിടിച്ചടക്കി ശീലമുള്ള സി.പി.എം ഭരണത്തിന്റെയും കയ്യൂക്കിന്റെയും മറവിൽ എക്കാലവും അത് കയ്യടക്കിവെക്കാമെന്ന് ധരിക്കേണ്ട. ജനാധിപത്യ പ്രസ്ഥാനങ്ങളെ അണിനിരത്തി പാർട്ടി ഓഫീസ് നിലനിർത്താൻ മുന്നിട്ടിറങ്ങുമെന്നും അദ്ദേഹം വ്യക്തമാക്കി.സി.എം.പി ജില്ലാ കൗൺസിൽ ഓഫീസ് കെട്ടിടം അനധികൃതമായി കൈയ്യേറിയ ഐ.ആർ.പി.സി.യെ ഉടൻ ഒഴിപ്പിക്കുക, ഭൂനികുതി സ്വീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സി.എം.പി പ്രവർത്തകർ നടത്തിയ കലക്ടറേറ്റ് മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സി.എം.പി ജില്ലാ സിക്രട്ടറി പി.സുനിൽകുമാർ അധ്യക്ഷത വഹിച്ചു.കെ.പി. സലീം സ്വാഗതം പറഞ്ഞു. സംസ്ഥാന അസി. സെക്രട്ടറി സി.എ.അജീർ, കെ.എസ്.വൈ.എഫ് സംസ്ഥാന പ്രസിഡണ്ട് സുധീഷ് കടന്നപ്പള്ളി, ആർ.എസ്.പി നേതാക്കളായ ഇല്ലിക്കൽ അഗസ്തി,മോഹനൻ, മുസ്ലീം ലീഗ് ജില്ലാ സിക്രട്ടറി അബ്ദുൾ കരീം ചേലേരി, കെ.വി. ഉമേഷ്, വി.എൻ. അഷ്റഫ് എന്നിവർ പ്രസംഗിച്ചു. കാഞ്ചന മാച്ചേരി നന്ദി പറഞ്ഞു.മാണിക്കര ഗോവിന്ദൻ , എ.കെ.ബാലകൃഷ്ണൻ, എ.പി.കെ രാഘവൻ , കെ.കൃഷ്ണൻ, സി.എ.ജോൺ, എൻ.കുഞ്ഞിക്കണ്ണൻ,കാരിച്ചി ശശീന്ദ്രൻ , പി.രാജൻ, കെ. ഓമന ,കെ.ജയശ്രീ,കെ ചിത്രാംഗദൻ, എന്നിവർ നേതൃത്വം നൽകി.നൂറ് കണക്കിന് പ്രവർത്തകർ മാർച്ചിൽ പങ്കെടുത്തു.

# യുവാക്കൾക്കെതിരെ പോലീസിന്റെ കള്ളക്കേസ്, ഗൗരവതരമെന്ന് ഹൈക്കോടതി

**ആലപ്പുഴ :** യുവാക്കളെ പോലീസ് കള്ളക്കേസിൽ കുടുക്കിയ സംഭവം ഗൗരവതരമെന്ന് ഹൈക്കോടതി. ജാമ്യം ലഭിക്കാതിരിക്കാൻ ഒരു കുറ്റം ചുമത്തുന്നത് നീതിന്യായ വ്യവസ്ഥയെ പരിഹസിക്കലാണ്. സംഭവത്തിൽ ആലപ്പുഴ ജില്ലാ പോലീസ് മേധാവി വിശദീകരണം നൽകണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടു. കേസ് ഇനി ബുധനാഴ്ച പരിഗണിക്കും.സിവിൽ കേസിന്റെ പേരിൽ നൂറനാട് പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ച യുവാക്കൾക്കെതിരേയാണ് പോലീസ് ജാമ്യമില്ലാ വകുപ്പുകളടക്കം ചുമത്തി കേസെടുത്തത്. യുവാക്കൾ പോലീസിനെ കൈയേറ്റം ചെയ്തെന്നായിരുന്നു പോലീസിന്റെ വിശദീകരണം. മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കിയ യുവാക്കൾക്ക് ജാമ്യം നിഷേധിക്കുകയും ജയിലിലാവുകയും ചെയ്തു.എന്നാൽ തങ്ങൾക്ക് ജാമ്യം ലഭിക്കാതിരിക്കാൻ പോലീസ് കള്ളക്കേസെടുത്തെന്നായിരുന്നു യുവാക്കളുടെ വാദം. ഇതിന് തെളിവായി പോലീസ് സ്റ്റേഷനിൽനിന്ന് റെക്കോഡ് ചെയ്ത ചില വീഡിയോകളും ഇവർ പുറത്തുവിട്ടിരുന്നു. തുടർന്നാണ് യുവാക്കൾ ഹൈക്കോടതിയെ സമീപിച്ചത്. തെളിവായ വീഡിയോദൃശ്യങ്ങൾ പരിശോധിക്കണമെന്നും ഹർജിക്കാർ കോടതിയോട് ആവശ്യപ്പെട്ടു.

TOP NEWS

TOP NEWS



# കേരളത്തിൽ 2748 പേർക്ക് കൊവിഡ്; ആകെ മരണം 45000 കടന്നു

**തിരുവനന്തപുരം:** കേരളത്തിൽ ഇന്നലെ 2748 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 500, കോഴിക്കോട് 339, എറണാകുളം 333, കോട്ടയം 310, തൃശൂർ 244, കണ്ണൂർ 176, കൊല്ലം 167, പത്തനംതിട്ട 166, വയനാട് 107, ആലപ്പുഴ 106, മലപ്പുറം 97, പാലക്കാട് 86, ഇടുക്കി 61, കാസർഗോഡ് 56 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്നലെ രോഗ ബാധ സ്ഥിരീകരിച്ചത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 56,808 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (WIPR) പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,36,864 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,32,731 പേർ വീട്/ ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 4133 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 184 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 28,035 കോവിഡ് കേസുകളിൽ, 8.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 33 മരണങ്ങളാണ് കോവിഡ്-19 മൂലമാണെന്ന് ഇന്നലെ സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 200 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 45,155 ആയി. ഇന്നലെ രോഗം സ്ഥിരീകരിച്ചവരിൽ 19 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 2531 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 166 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 32 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3202 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 343, കൊല്ലം 185, പത്തനംതിട്ട 339, ആലപ്പുഴ 55, കോട്ടയം 193, ഇടുക്കി 126, എറണാകുളം 601, തൃശൂർ 363, പാലക്കാട് 62, മലപ്പുറം 107, കോഴിക്കോട് 427, വയനാട് 110, കണ്ണൂർ 249, കാസർഗോഡ് 42 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 28,035 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,48,703 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## കോവിഡ് ധനസഹായം: കൊച്ചിയിൽ 212 ലക്ഷം വിതരണം ചെയ്തു

**കാക്കനാട്:** ജില്ലയിൽ കോവിഡ് മരണ ധനസഹായ പദ്ധതിയിൽ 212 ലക്ഷം രൂപ വിതരണം ചെയ്തു. 424 അപേക്ഷകർക്കാണ് തുക കൈമാറിയത്. ഇതുവരെ 1436 അപേക്ഷകളാണ് ജില്ലയിൽ ലഭിച്ചത് . ഇതിൽ 846 അപേക്ഷകൾ അംഗീകരിച്ചു. മറ്റ് അപേക്ഷകളിൽ നടപടികൾ തുടരുകയാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ലഭിക്കുന്ന സർക്കാർ ധന സഹായത്തിന് ംംം.ൃലഹശലള.സലൃമഹമ.ഴീ്.ശി എന്ന വെബ്സൈറ്റിൽ ഓൺലൈനായാണ് അപേക്ഷ നൽകേണ്ടത്. ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് അല്ലെങ്കിൽ അപ്പീൽ മുഖാന്തിരം എ.ഡി.എമ്മിൽ നിന്നും ലഭിച്ച ഐ.സി.എം.ആർ സർട്ടിഫിക്കറ്റ് , റിലേഷൻ ഷിപ്പ് സർട്ടിഫിക്കറ്റ്, അനന്തര അവകാശികൾ ഉൾപ്പെട്ട റേഷൻ കാർഡ്, ആധാർ കാർഡുകൾ, ബാങ്ക് പാസ്ബുക്ക് എന്നിവ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപയാണ് സർക്കാർ ധനസഹായം നൽകുന്നത്. ഗുണഭോക്താവല്ല അപേക്ഷ സമർപ്പിച്ചത് എന്ന കാരണത്താൽ അപേക്ഷ നിരസിക്കാൻ പാടില്ല എന്ന കർശന നിർദ്ദേശം വില്ലേജ് ഓഫീസർമാർക്ക് നൽകി. നഷ്ടപരിഹാരത്തിനായി അപേക്ഷിച്ചിട്ടുള്ളത് ആര് തന്നെയായാലും അപേക്ഷ സ്വീകരിച്ച് അർഹരായവരുടെ പേരിൽ ധനസഹായം വിതരണം ചെയ്യും. അകാരണമായി അപേക്ഷ നിരസിക്കുകയോ മടക്കുകയോ ചെയ്യാൻ പാടില്ല എന്ന കർശന നിർദ്ദേശവുമുണ്ട്.



ആലപ്പുഴ ജില്ലയിൽ സമാധാനാന്തരീക്ഷം ഉറപ്പാക്കുന്നതിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ മന്ത്രി സജി ചെറിയാൻ സംസാരിക്കുന്നു

## അഞ്ചരക്കണ്ടി പുഴ സംരക്ഷിക്കാൻ അഞ്ച് കോടിയുടെ പദ്ധതി

**കണ്ണൂർ:** നഗരസഞ്ചയ പദ്ധതിയിലുൾപ്പെടുത്തി അഞ്ചരക്കണ്ടി പുഴ സംരക്ഷിക്കുന്നതിന് അഞ്ച് കോടിയുടെ പദ്ധതി നടപ്പാക്കാൻ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനിച്ചു. ഭരണസമിതിയുടെ ഒന്നാം ഭാഗമായി പ്രസിഡണ്ട് പി പി ദിവ്യയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. പദ്ധതിയുടെ ഡിപിആർ തയ്യാറാക്കാൻ അഞ്ച് ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. നിലവിലെ ഭരണസമിതിയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച വീഡിയോയും യോഗത്തിൽ പ്രദർശിപ്പിച്ചു. കേക്ക് മുറിച്ച് മധുരം പങ്കിട്ടാണ് ഭരണസമിതി ഒന്നാം വാർഷികം ആഘോഷിച്ചത്.വൈസ് പ്രസിഡണ്ട് അഡ്വ. ബിനോയ് കുര്യൻ, സ്ഥിരം സമിതി അധ്യക്ഷരായ യു പി ശോഭ, അഡ്വ. ടി സരള, വി കെ സുരേഷ് ബാബു, അഡ്വ. കെ കെ രത്നകുമാരി, സെക്രട്ടറി വി ചന്ദ്രൻ, പങ്കെടുത്തു.




## കോട്ടയം ടെക്സ്റ്റൈൽസ് മന്ത്രി പി രാജീവ് സന്ദർശിച്ചു; തൊഴിലാളികളുടെ രാത്രി അലവൻസ് വർദ്ധിപ്പിക്കും

**കോട്ടയം:** പ്രവർത്തനം പുനരാരംഭിച്ച കോട്ടയം ടെക്സ്റ്റൈൽസ് വ്യവസായമന്ത്രി പി രാജീവ് സന്ദർശിച്ചു. രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അലവൻസ് 90 ൽ നിന്ന് 150 രൂപയാക്കി ഉയർത്തുമെന്ന് തൊഴിലാളികളെ അറിയിച്ചതായി മന്ത്രി ഫെയ്സ്ബുക്കിൽ കുറിപ്പിൽ പറഞ്ഞു. പ്രവർത്തനം പുനരാരംഭിച്ചതിന് ശേഷമുള്ള ആദ്യ ലോഡ് മന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു.2020 ഫെബ്രുവരി ഏഴിനാണ് കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം നിലച്ചത്. സഹകരണമന്ത്രി വി എൻ വാസവന്റെ സാന്നിധ്യത്തിൽ, ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർ യോഗം ചേർന്ന് സ്ഥാപനം വീണ്ടും തുറക്കാൻ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ 15 മുതലാണ് പ്രവർത്തനം പുനരാരംഭിച്ചത്.മൂന്ന് ഷിഫ്റ്റിൽ പൂർണതോതിൽ പ്രവർത്തനം സാധ്യമാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ 1.5 കോടി രൂപ മിൽ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിന് സർക്കാർ അനുവദിച്ചിരുന്നു. പൂർണമായി പ്രവർത്തിപ്പിക്കുന്നതിനുള്ള ഷിഫ്റ്റുകളുടെ സമയക്രമവും തീരുമാനിച്ചാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നതെന്നും മന്ത്രി ഫെയ്സ്ബുക്ക് കുറിപ്പിൽ പറഞ്ഞു.

### ചരമം


ശ്യാമള

**അമ്പലപ്പുഴ :** പുറക്കാട് പഞ്ചായത്ത് പന്ത്രണ്ടാം വാർഡിൽ വാസുദേവാലയത്തിൽ വാസുദേവന്റെ ഭാര്യ ശ്യാമള (68) അന്തരിച്ചു .മക്കൾ :സന്തോഷ് കുമാർ , ശ്യാംകുമാർ ,റാം കുമാർ മരുമക്കൾ : സുധാര്യ ,രഞ്ചു , മീനു,സംസ്കാരം കഴിഞ്ഞു.



### അദാലത്ത്

**കണ്ണൂർ :** തപാൽ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ ജീവനക്കാർക്കും, കുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി ആധാർ മേള സംഘടിപ്പിക്കുന്നു. ഡിസംബർ 27 മുതൽ ജനുവരി ഒന്ന് വരെ സിവിൽ സ്റ്റേഷനിലെ പോസ്റ്റോഫീസ് പരിസരത്താണ് മേള. പുതുതായി ആധാർ എടുക്കൽ, ബയോമെട്രിക് വിവരങ്ങൾ, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, ഫോട്ടോ എന്നിവ അപ്ഡേറ്റ് ചെയ്യുന്നതിനും വിലാസം മാറ്റുന്നതിനും , നിലവിലെ വിവരങ്ങൾ തിരുത്തുന്നതിനും കൂട്ടിച്ചേർക്കുന്നതിനും മേളയിൽ സൗകര്യം ലഭിക്കും. തപാൽ വകുപ്പിന്റെ വിവിധ പദ്ധതികളായ സുകന്യ സമൃദ്ധി യോജന, മറ്റ് സേവിങ്സുകൾ, ഇൻഷുറൻസ്, മൈക്രോ ഇൻഷുറൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരങ്ങളും മേളയിൽ ലഭിക്കും. തപാൽ വകുപ്പുമായി ബന്ധപ്പെട്ട പരാതികളും മേളയിൽ സ്വീകരിക്കും.



## ആരോഗ്യവകുപ്പിന്റെ അനാസ്ഥ കോടികളുടെ നഷ്ടം

**അമ്പലപ്പുഴ :** ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിക്ക് കാസ്പ് പദ്ധതിയുടെ ക്ളെയിം പ്രകാരം റിലയൻസ് നൽകാനുള്ളത് കോടികൾ. ആശുപത്രിക്ക് കോടികളുടെ നഷ്ടം സംഭവിച്ചിട്ടും കണ്ണടച്ച് സർക്കാരും ആരോഗ്യ വകുപ്പും.ഏകദേശം 15 കോടിയോളം രൂപയാണ് ഈ യിനത്തിൽ റിലയൻസിൽ നിന്ന് ലഭിക്കാനുള്ളത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) ആരംഭിക്കുന്നതിന് മുൻപ് 2018 - 19 മാർച്ച് ആർ.എസ്.ബി.വൈ ആയിരുന്നു. 2019 ഏപ്രിൽ മാസത്തിലാണ് കാസ്പ് പദ്ധതിയാരംഭിച്ചത്.കാസ്പ്പ പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയത് 2020 ജൂലൈ മുതലാണ്. ഈ സമയത്ത് റിലയൻസ് ഒരു വർഷത്തെ ക്ളെയിമിന്റെ ഒരു ശതമാനം മാത്രമാണ് നൽകിയത്.ക്ളെയിം ഏകോപിപ്പിക്കാൻ ആശുപത്രിയിൽ 5 ജീവനക്കാരെയാണ് നിയമിച്ചത്.എന്നാൽ ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാത്ത ജീവനക്കാരുടെ വീഴ്ച മൂലം ക്ളെയിം ഇനത്തിൽ ആശുപത്രിക്ക് ലഭിക്കേണ്ട 15 കോടിയോളം രൂപയാണ് നഷ്ടമായിരിക്കുന്നത്. 27 ഓളം ജീവനക്കാരാണ് ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നത്. എന്നാൽ ഇവർ കൃത്യമായി ജോലി ചെയ്യുന്നുണ്ടോയെന്നും വരുന്നുണ്ടോയെന്നും പരിശോധിക്കാനുള്ള സംവിധാനം ആശുപത്രി അധികൃതരും ആരോഗ്യ വകുപ്പും നടത്താറില്ല. കോടികൾ വരവ് ചെലവുള്ള ഈ വിഭാഗത്തിൽ തുടങ്ങി ഇത്രയും വർഷം പിന്നിട്ടിട്ടും ഓഡിറ്റിംഗ് നടത്താനും അധികൃതർ തയ്യാറായിട്ടില്ല. മാറി മാറി വരുന്ന സൂപ്രണ്ട് ഉൾപ്പെടെയുള്ളവരോട് ഈ വിഭാഗത്തിലെ ചില ജീവനക്കാർ ആശുപത്രിക്കുണ്ടാകുന്ന നഷ്ടം ചൂണ്ടിക്കാണിച്ചിട്ടും ഫലമുണ്ടായില്ല. ഡിസംബർ 30 ന് മുൻപ് ഇതിന് പരിഹാരം കണ്ടില്ലെങ്കിൽ ഇത്രയും കോടി രൂപയാണ് ആശുപത്രിക്ക് നഷ്ടമുണ്ടാകാൻ പോകുന്നത്. കൂടുതലും ക്യാൻസർ രോഗികളുടെ ഫണ്ടാണ് നഷ്ടമാകാൻ പോകുന്നത്.ആശുപത്രി അധികൃതരുടെ വീഴ്ചയും ശ്രദ്ധക്കുറവുമാണ് നഷ്ടമുണ്ടാകാൻ കാരണമാകുന്നത്. കാസ്പ് പദ്ധതിയുടെ മേൽനോട്ടം വഹിച്ച പി.ആർ.ഒ യുടെ വീഴ്ചയും ഇതിന് കാരണമായിട്ടുണ്ട്. യുണൈറ്റഡ് ഇൻഷുറൻസ് കമ്പനിക്കായിരുന്നു തുടക്കത്തിൽ പദ്ധതിയുടെ ചുമതല നൽകിയിരുന്നത്.2008 ഡിസംബർ മുതൽ 2010 വരെ ഈ കമ്പനിക്കാണ് പദ്ധതിയുടെ ചുമതല നൽകിയിരുന്നത്.പിന്നീട് ഐ.സി.ഐ.സി.ഐ ലമ്പാട് എന്ന കമ്പനിക്കും കൈമാറി. ഇക്കാലയളവിലൊന്നും ആശുപത്രിക്ക് ഒരു രൂപയുടെ പോലും നഷ്ടം സംഭവിച്ചിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളും ഇൻഷുറൻസ് കമ്പനിയുമാണ് തുക നൽകിയിരുന്നത്. എന്നാൽ പിന്നീട് കാസ്പിന്റെ ചുമതല റിലയൻസിന് കൈമാറിയതോടെ 2019 ഏപ്രിൽ മുതൽ 2020 ജൂൺ വരെ റിലയൻസിൽ നിന്ന് ലഭിക്കേണ്ട ക്ളെയിം ആശുപത്രിക്ക് ലഭിച്ചിട്ടില്ല. 6400 ലധികം രോഗികളുടെ ചികിത്സക്കായി ചെലവഴിച്ച കോടികളാണ് ആശുപത്രിക്ക് റിലയൻസിൽ നിന്ന് ലഭിക്കാനുള്ളത്. ഡിസ്ചാർജായി പോകുന്ന രോഗികളുടെ വിവരം സൈറ്റിൽ ക്ളോസ് ചെയ്യാത്തതുമൂലമാണ് ആശുപത്രിക്ക് ഇത്രയും ഭീമമായ നഷ്ടം സംഭവിച്ചത്. ഈ വിഭാഗം കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക പരിശീലനം നേരത്തെ നൽകിയിരുന്നുവെങ്കിലും നടത്തിപ്പിൽ ഗുരുതര വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. ഈ വിഭാഗത്തിൽ ഓഡിറ്റിംഗ് ഉൾപ്പെടെയുള്ളവ നടത്താത്തതും ആരോഗ്യ വകുപ്പിന്റെ ഗുരുതര വീഴ്ചയായി മാറിയിട്ടുണ്ട്. സാധാരണക്കാരായ രോഗികളുടെ ആശ്രയമായ സർക്കാർ മെഡിക്കൽ കോളേജാശുപത്രിക്ക് കോടികൾ നഷ്ടമായതിനെക്കുറിച്ചും ഇതിന് കാരണക്കാരായവരെക്കുറിച്ചും അന്വേഷണം നടത്തണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.




NANDANA TOURS AND TRAVELS
*experience the world with us*

e-Mithram Customer Service Point www.emithram.com www.emithram.in ഇമിത്രം CSP

ഉപഭോക്തൃ സേവന കേന്ദ്രം

എല്ലാവിധ ഓൺലൈൻ സേവനങ്ങളും

Centre Id: Id:KL/ALP/200 E-mail: nandana09tours@gmail.com

- പാൻകാർഡ്
- പാസ്പോർട്ട്
- ഇ ആധാർ
- ബിൽ പേയ്മെന്റുകൾ
- റെയിൽവേ ടിക്കറ്റ്
- ഫ്ളൈറ്റ് ടിക്കറ്റ്
- ബസ് ടിക്കറ്റ്
- റീച്ചാർജ്
- FSSAI രജിസ്ട്രേഷൻ
- ഇ പെയിമെന്റ്
- റേഷൻകാർഡ്
- ലാമിനേഷൻ
- കുടിക്കട സർട്ടിഫിക്കേറ്റ്
- മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് സർവ്വീസ്
- സ്കിൽ സർട്ടിഫിക്കറ്റ്
- മണിട്രാൻസ്ഫർ
- ജനന മരണസർട്ടിഫിക്കറ്റ്
- MSME രജിസ്ട്രേഷൻ
- ഇൻഷുറൻസ്
- PSC രജിസ്ട്രേഷൻ
- ഓൺലൈൻ അപേക്ഷകൾ
- വോട്ടർഐഡി
- സ്കാനിംഗ്

GST REGISTRATION-PHOTOSTAT

Moolayil Minerva Building,Ground Floor,South of KSRTC,Haripad-690514

### താലൂക്ക് വികസന സമിതി യോഗം

**തലശ്ശേരി:** തലശ്ശേരി താലൂക്ക് വികസന സമിതി യോഗം ജനുവരി ഒന്ന് ശനി രാവിലെ 10.30ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ എല്ലാ വികസന സമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് വികസന സമിതി കൺവീനർ കൂടിയായ തഹസിൽദാർ അറിയിച്ചു.

### അവാർഡ്

**കണ്ണൂർ:** നെഹ്റു യുവകേന്ദ്രയുടെ മികച്ച യൂത്ത് കബ്ബ് അവാർഡ് കലിക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്. യുവജന കായിക ക്ഷേമ മേഖലകളിൽ 2020 - 21ൽ നടത്തിയ മികച്ച പ്രവർത്തനത്തിനാണ് അവാർഡ്. 25000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

# കേരളം ഇതര സംസ്ഥാനങ്ങൾക്ക് വഴിക്കാട്ടി: രാഷ്ട്രപതി

**കാസർകോട്** :സാക്ഷരതയിലും വിദ്യാഭ്യാസത്തിലും കേരളം രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് വഴിക്കാട്ടിയാണെന്ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ് പറഞ്ഞു. ഉയർന്ന വിദ്യഭ്യാസമാണ് കേരളത്തെ നിരവധി മേഖലകളിൽ മികവിലേക്ക് ഉയർത്തുന്നത്. ഇത് വിവിധ മേഖലകളിലെ സൂചകങ്ങൾ വ്യക്തമാക്കുന്നുണ്ട്. കേരള കേന്ദ്ര സർവകലാശാലിലെ പെരിയ ക്യാമ്പസിൽ അഞ്ചാമത് ബിരുദദാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പഠനത്തിലും വിദ്യഭ്യാസത്തിലും മുന്നേറുന്ന സംസ്ഥാനമാണ് കേരളം. യുനെസ്കോവിന്റെ ആഗോള പഠന ശൃംഖലയിലേക്ക് കേന്ദ്ര സർക്കാർ തെരഞ്ഞെടുത്ത രാജ്യത്തെ മൂന്ന് നഗരങ്ങളിൽ രണ്ടെണ്ണം കേരളത്തിലാണ്. തൃശൂരും നിലമ്പൂരുമാണ് ഈ നഗരങ്ങൾ. ഇതുവഴി സുസ്ഥിര വികസനത്തിന് പിന്തുണ ലഭിക്കും. എല്ലാവരെയും ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കും. ഇത് പഠനപ്രക്രീയക്കുള്ള ആജീവനാന്ത അവസരമൊരുക്കും.സ്ത്രീ പുരുഷ തുല്യതയിൽ മാത്രമല്ല സ്ത്രീ ശാക്തീകരണത്തിലും കേരളം മുന്നിലാണ്. ബിരുദം നേടിയവരിൽ ആൺകുട്ടികളുടെ എണ്ണത്തിന്റെ മൂന്നിരട്ടിയാണ് പെൺകുട്ടികൾ. 64 ശതമാനവും പെൺകുട്ടികളാണ് സർവകലാശാലയിലുള്ളത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ വിജ്ഞാന നൂറ്റാണ്ട് എന്നാണ് വിശേഷിപ്പിക്കുന്നത്. അറിവ് ആഗോള സമൂഹത്തിൽ ഒരു രാജ്യത്തിന്റെ സ്ഥാനം നിർണയിക്കും. ശ്രീനാരായണ ഗുരു എന്നും വിദ്യയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന അദ്ദേഹത്തിന്റെ വരികൾ എന്നും പ്രചോദനമാണ്. വള്ളത്തോളിന്റെ മാതൃവന്ദനം എന്ന കവിതയിലെ വരികൾ ചൊല്ലി രാഷ്ട്രപതി കേരളത്തിന്റെ നേട്ടങ്ങളെ പ്രകീർത്തിച്ചു. സാക്ഷരതാ മുന്നേറ്റത്തിന് പി എൻ പണിക്കർ വഹിച്ച പങ്കിനെയും രാഷ്ട്രപതി പ്രകീർത്തിച്ചു.





*തിരുവല്ല മാർത്തോമ്മ കോളജിൽ തൊഴിൽമേള ആരോഗ്യമന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു*

## ജനുവരിയോടെ 10,000 പേർക്ക് തൊഴിൽ : മന്ത്രി വീണാ ജോർജ്

**തിരുവല്ല** :സംസ്ഥാനത്ത് അഞ്ചു വർഷത്തിനിടെ 20 ലക്ഷം പേർക്കും 2022 ജനുവരിയോടെ ചുരുങ്ങിയത് 10,000 പേർക്കും തൊഴിൽ ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. തിരുവല്ല മാർത്തോമ്മ കോളേജിൽ തൊഴിൽ മേള ജില്ലാതലം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരള സർക്കാരിന്റെ ഡവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക്ക് കൗൺസിൽ നേതൃത്വത്തിൽ വൈജ്ഞാനിക സാമ്പത്തിക മിഷൻ പദ്ധതിയുടെ ഭാഗമായാണ് മേള സംഘടിപ്പിച്ചത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലുറപ്പാക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതിക്കാണ് തുടക്കമായത്. യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ബോധപൂർവമായ ഇടപെടലുകളാണ് നടത്തുന്നത്. മേളയിൽ പരിഗണിക്കപ്പെടാത്തവർക്ക് തൊഴിൽ ദാതാക്കളിൽനിന്ന് ആവശ്യം സ്വീകരിച്ച് അനുയോജ്യമായ പരിശീലനം നൽകി യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കും. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ വിദ്യാഭ്യാസത്തിനും അഭിരുചിക്കുമനുസരിച്ച് തൊഴിൽ കണ്ടെത്തി നൽകാൻ സർക്കാർ ഒപ്പമുണ്ടെന്നും മന്ത്രി പറഞ്ഞു.നൂറോളം കമ്പനികളാണ് ഓൺലൈനായും-ഓഫ്ലൈനായും മേളയിൽ പങ്കെടുത്തത്. വിവിധ മേഖലകളിലെ ഇന്ത്യയിലെയും വിദേശത്തുമുള്ള പ്രമുഖ കമ്പനികളായ ടിസിഎസ്, ഐബിഎസ്, യുഎസ്ടി ഗ്ലോബൽ, ടാറ്റാ, ലെക്സി, നിസാൻ, എസ്ബിഐ ലൈഫ്, എച്ച്ഡിഎഫ്സി, ക്വസ് കോർപ്പ്, ഐസിഐസിഐ, എസ്എഫ്ഒ, ടൂൺസ് തുടങ്ങിയ കമ്പനികൾ മേളയിൽ പങ്കെടുത്തു. അഡ്വ. മാത്യു ടി. തോമസ് എംഎൽഎ അധ്യക്ഷനായി. കലക്ടർ ദിവ്യ എസ് അയ്യർ, തിരുവല്ല നഗരസഭാ ചെയർപേഴ്സൺ ബിന്ദു ജയകുമാർ, ജില്ലാ പ്ലാനിങ് ഓഫീസർ സാബു സി മാത്യു, മാർത്തോമ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് മാത്യു, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി എൻ അനിൽ കുമാർ, വാർഡ് കൗൺസിലർ ഡോ. രജിനോൾഡ് വർഗീസ്, ജില്ലാ സ്കിൽ കമ്മിറ്റി കൺവീനർ പി സനൽ കുമാർ, ജില്ലാ ഇന്നോവേഷൻ കൗൺസിലംഗം റെയിസൻ സാം രാജു, ജോബ് ഫെയർ കൺവീനർ ഡോ. രഞ്ജിത്ത് ജോസഫ് ജോബ് തുടങ്ങിയവർ പങ്കെടുത്തു.

# ആശങ്കക്ക് ഇടമില്ല:

## താലൂക്ക് ഓഫീസ് പ്രവർത്തനം തുടങ്ങി


**വടകര:** ആശങ്കകൾക്ക് വിരാമമിട്ട് വടകര താലൂക്ക് ഓഫീസ് താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. ട്രഷറി ഓഫീസിന് തൊട്ടുമുൻവശത്തെ ഹാളിലാണ് താലൂക്ക് ഓഫീസ് പ്രവർത്തനമാരംഭിച്ചത്. താലൂക്ക് ഓഫീസിനു സമീപത്തെ ഇലക്ഷൻ വിഭാഗത്തിലാണ് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നത്. താൽക്കാലികമായി ആരംഭിച്ച താലൂക്ക് ഓഫീസിൽ തഹസിൽദാർ ഉൾപ്പെടെയുള്ള ജീവനക്കാർ തിങ്കളാഴ്ച മുതൽ ജോലിക്ക് ഹാജരായി. ജൂനിയർ സൂപ്രണ്ട് കെ മാർക്കണ്ഡേയന്റെ നേതൃത്വത്തിൽ നാല് ജീവനക്കാർ ചേർന്നാണ് ഹെൽപ് ഡെസ്ക് പ്രവർത്തനം ഏകോപിപ്പിക്കുന്നത്. തിങ്കളാഴ്ച ഭൂസംബന്ധമായതും, സർട്ടിഫിക്കറ്റുകൾ, സർവേ അദാലത്തുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് അമ്പതോളം പരാതികൾ ഹെൽപ് ഡെസ്കിൽ സ്വീകരിച്ചു. 2019 നവംബർ മുതൽ ഇ ഓഫീസ് ആയാണ് താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നത്. ഇതിനുശേഷമുള്ള ഫയലുകൾ കംപ്യൂട്ടറിൽ സുരക്ഷിതമാണ്. ഇ ഓഫീസ് സംവിധാനത്തിലേക്ക് മാറുന്നതിന് മുമ്പുള്ള ഫയലുകളിൽ ഹെൽപ്പ് ഡെസ്കിൽ എത്തിയാൽ ഫയർ നമ്പർവച്ച് വീണ്ടും അപേക്ഷ എഴുതിവാങ്ങും. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറും. ഈ അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി ഫയലുകളിൽ തീർപ്പുകൽപ്പിക്കും. മടപ്പള്ളി ഗവ. കോളേജിലെ എൻസിസി വിദ്യാർഥികളുടെ സഹായത്തോടെ കത്താതെ അവശേഷിച്ച ഫയലുകൾ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. അഗ്നിബാധയെ തുടർന്ന് സ്ഥലം സന്ദർശിച്ച മന്ത്രി കെ രാജന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ നടപ്പാക്കി ജനങ്ങളുടെ ആശങ്ക പരിഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ സർക്കാർ തലത്തിൽ നടക്കുന്നത്.

## വ്യാപാരി വ്യവസായി ഏകോപന സമിതി നേതാവ് ഡോ. എം ജയപ്രകാശ് അന്തരിച്ചു

**തൃശൂർ** വ്യാപാരി വ്യവസായി ഏകോപന സമിതി നേതാവായിരുന്നു ഡോ. എം ജയപ്രകാശ് (72)അന്തരിച്ചു. തൃശൂരിൽ പല വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെയും മേധാവിയായിരുന്നു. മാത്തമാറ്റിക്സിൽ ബിരുദം നേടിയതിനുശേഷം പിതാവ് തുടങ്ങിവെച്ച പ്രകാശ് സ്റ്റോഴ്സ് എന്ന സ്ഥാപനത്തിന്റെ ചുമതലയേറ്റെടുത്തു. തുടർന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം എ., ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം, സാഹിത്യത്തിൽ ഡോക്ടറേറ്റ് എന്നിവ നേടി. വിദ്യാഭ്യാസ കാലഘട്ടം മുതൽ പൊതുപ്രവർത്തനരംഗത്തും സാഹിത്യരംഗത്തും കാലെടുത്തും സജീവമായി. ലേഖനങ്ങളും ചെറുകഥകളും കവിതകളും അദ്ദേഹത്തിന്റെതായുണ്ട്. വ്യാപാരി വ്യവസായി പ്രസ്ഥാനത്തിന്റെ യുവജന വിഭാഗത്തിന്റെ സ്ഥാപക പ്രസിഡണ്ടായിരുന്നു. 1984ലെ പൊതു തിരഞ്ഞെടുപ്പിൽ തൃശ്ശൂർ ലോ



കസഭാമണ്ഡലത്തിൽ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുണ്ട്. സംഘടനയുടെ തൃശ്ശൂർ ജില്ലാ പ്രസിഡണ്ട്, സംസ്ഥാന സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡണ്ട്, സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ പദവികളിൽ ഇരുന്നിട്ടുണ്ട്. അഖിലേന്ത്യാ സംഘടനയായ ഭാരതീയ ഉദ്യോഗ് വ്യാപാർ മണ്ഡലിന്റെ ദേശീയ സെക്രട്ടറിയാണ്. 1999ലെ മികച്ച സംഘാടകനുള്ള സി.എം. ജോർജ്ജ് അവാർഡ്, 2004ലെ സൂര്യ ടി.വി.യുടെ ഓൾ കേരള എക്സലൻസ് അവാർഡ്, 2006ലെ തൃശ്ശൂർ പൗരാവലിയുടെ മികച്ച സാംസ്കാരികപ്രതിഭയ്ക്കുള്ള അവാർഡ്, 2007ലെ തൃശൂർ പൗരാവലിയുടെ മികച്ച സംഘാടകനുള്ള അവാർഡ്, 2015ലെ യു.കെ.യിലെ ആത്മ ഇന്റർനാഷണലിന്റെ നാഷണൽ എക്സലൻസ് അവാർഡ്, 2016ലെ കോലാറിലെ ഗിവിംഗ് ഹാന്റ്സ് ഫൗണ്ടേഷന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, 2016ലെ കൽക്കത്തയിലെ സിസ്റ്റർ മാർഗരറ്റ് ഫൗണ്ടേഷന്റെ സ്വാമി വിവേകാനന്ദ അവാർഡ്, 2017ലെ ഹിന്ദു എക്കണോമിക് ഫോറത്തിന്റെ നവരത്ന അവാർഡ് എന്നിവ നേടിയിട്ടുണ്ട്. 'ഓർമ്മയുടെ ഓളങ്ങളിൽ', 'സമരപുളകങ്ങൾ','ഹൃദയാഞ്ജലി', 'ജാലകം തുറന്നാൽ', 'സ്മരണകളിരമ്പുന്നു' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.





# കേരള കോൺഗ്രസ് ബി പിളർന്നു

## ഉഷ മോഹൻദാസ് പുതിയ അധ്യക്ഷ

**കൊച്ചി:** ആർ. ബാലകൃഷ്ണപിള്ള രൂപം കൊടുത്ത കേരള കോൺഗ്രസ് ബി പിളർന്നു. കെ.ബി. ഗണേഷ് കുമാർ എം.എൽ.എയുടെ സഹോദരി ഉഷ മോഹൻദാസിനെ പിളർന്ന വിഭാഗത്തിന്റെ പുതിയ അധ്യക്ഷയായി തെരഞ്ഞെടുത്തു. കൊച്ചിയിൽ ചേർന്ന യോഗത്തിൻറേതാണ് തീരുമാനം.ഏകാധിപതിയെ പോലെയാണ് ഗണേഷ് കുമാർ പ്രവർത്തിക്കുന്നതെന്ന് ഉഷ മോഹൻദാസ് മാധ്യമങ്ങളോട് പറഞ്ഞു. കഴിവുള്ള എം.എൽ.എയാണ് അദ്ദേഹം. എന്നാൽ, ചെയ്യേണ്ട കടമകൾ ഗണേഷ് ചെയ്യുന്നുണ്ടോ എന്ന് സംശയമുണ്ട്.ഒരു ജനകീയനാകുമ്പോൾ സ്വന്തം ഇഷ്ടപ്രകാരം മുന്നോട്ടു പോകാൻ സാധിക്കില്ല. ജനങ്ങളോടും പാർട്ടി പ്രവർത്തകരോടും സഹകരിച്ചാണ് മുന്നോട്ടു പോകേണ്ടത്. ഭൂരിപക്ഷം സംസ്ഥാന കമ്മിറ്റിയംഗങ്ങളും ജില്ല പ്രസിഡൻറുമാരും തങ്ങളോടൊപ്പമാണെന്നും ഉഷ മോഹൻദാസ് വ്യക്തമാക്കി.ഗണേഷ് കുമാർ പാർട്ടിയുടെ എം.എൽ.എയായി തുടരും. അദ്ദേഹത്തെ പാർട്ടിയിൽ തിരികെ എത്തിക്കാനുള്ള നടപടി സ്വീകരിക്കും. പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയാൽ പുറത്താക്കുന്നത് അടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്നും വർക്കിങ് ചെയർമാനും മുൻ എം.എൽ.എയുമായ എം.കെ. മണി വ്യക്തമാക്കി.14 ജില്ല പ്രസിഡൻറുമാരിൽ 10 പേർ കൊച്ചിയിലെ യോഗത്തിൽ പങ്കെടുത്തു. രണ്ട് പേർ നേരത്തെ മരിച്ചിരുന്നു. രണ്ടു പേർ യോഗത്തിൽ എത്തിയില്ലെന്നും പിളർന്ന വിഭാഗം അവകാശപ്പെട്ടു.1989ൽ പി.ജെ ജോസഫും ബാലകൃഷ്ണപിള്ളയും തമ്മിൽ പിളർന്നതിന് പിന്നാലെയാണ് കേരള കോൺഗ്രസ് ബി എന്ന പുതിയ രാഷ്ട്രീയ പാർട്ടിക്ക് ആർ. ബാലകൃഷ്ണപിള്ള രൂപം നൽകിയത്. 2015 വരെ യു.ഡി.എഫിൻറെ ഘടക കക്ഷിയായിരുന്ന കേരള കോൺഗ്രസ് ബി നിലവിൽ എൽ.ഡി.എഫ് ഘടക കക്ഷിയാണ്. പത്തനാപുരം നിയമസഭ മണ്ഡലത്തെ 2001 മുതൽ പ്രതിനിധീകരിക്കുന്ന കെ.ബി. ഗണേഷ് കുമാറാണ് പാർട്ടിയുടെ ഏക എം.എൽ.എ.



## ജൈവ പച്ചക്കറി കൃഷി പദ്ധതി കരുതൽ – 2022 ജില്ലാതല ഉദ്ഘാടനം കോതമംഗലത്ത്

**കോതമംഗലം :** കേരള സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ(കെ എസ് ഇ എസ് എ)നേതൃത്വത്തിൽ ജില്ലയിലെ എക്സൈസ് ഡിപ്പാർട്ട്മെന്റ് ജീവനക്കാരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തിയുള്ള ജൈവ പച്ചക്കറി കൃഷി 'കരുതൽ – 2022' പദ്ധതിക്ക് കോതമംഗലത്ത് തുടക്കമായി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കോതമംഗലത്ത് ആന്റണി ജോൺ എം എൽ എ നിർവ്വഹിച്ചു. കെ എസ് ഇ എസ് എ പ്രസിഡന്റ് പി ജി അനൂപ് അധ്യക്ഷത വഹിച്ചു.ഡെപ്യൂട്ടി എക്സൈസ് കമ്മീഷൻ അനിൽ കെ കെ വിത്തുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ജോസ് പ്രതാപ്,കെ എസ് ഇ എസ് എ എറണാകുളം സെക്രട്ടറി എം ആർ രാജേഷ് , ബിബിൻ ബോസ് എന്നിവർ പ്രസംഗിച്ചു.

## രണ്ട് കിലോഗ്രാം ഹാഷിഷ് ഓയിലുമായി വിദ്യാർത്ഥി ഉൾപ്പെടെ രണ്ട് പേർ പിടിയിൽ

**അങ്കമാലി:** രണ്ട് കിലോഗ്രാം ഹാഷിഷ് ഓയിലുമായി വിദ്യാർത്ഥി ഉൾപ്പെടെ രണ്ട് പേർ പിടിയിൽ. കാക്കനാട് എൻ.ജി.ഒ ക്വാർട്ടേഴ്സ് അയ്യമ്പ്രാത്ത് വീട്ടിൽ മുഹമ്മദ് അസ്ലാം (23), തൃശൂർ പട്ടിക്കാട് പാത്രക്കടയിൽ വീട്ടിൽ ക്ലിൻറ് സേവ്യർ (24) എന്നിവരെയാണ് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിൻറെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. എൽ.എൽ.ബി വിദ്യാർത്ഥിയായ അസ്ലം ബാംഗ്ലൂരിൽ നിന്നുള്ള ടൂറിസ്റ്റ് വാഹനത്തിലാണ് ഓയിൽ കടത്തിക്കൊണ്ടുവന്നത്. മയക്കുമരുന്ന് വാങ്ങാൻ അങ്കമാലി സ്റ്റാൻറിലെത്തിയപ്പോഴാണ് ക്ലിൻറ് പോലീസിൻറെ പിടിയിലാകുന്നത്. വാങ്ങുന്നതിന് പണം മുടക്കിയതും





ഇയാളാണ്. കിസ്മസ് ന്യൂ ഇയർ ആഘോഷങ്ങൾക്ക് വേണ്ടിയാണ് മയക്കുമരുന്ന് എത്തിച്ചിട്ടുള്ളത്. പൊതു വിപണിയിൽ ഇതിന് കോടികൾ വിലവരും. ആന്ധ്രയിലെ പഡേരുവിൽ നിന്നാണ് അസ്ലം ഓയിൽ വാങ്ങിയത്. അവിടെ നിന്നും ട്രയിനിൽ ബാംഗ്ലൂരിലെത്തിച്ചു. ബാംഗ്ലൂരിൽ നിന്നുമാണ് ടൂറിസ്റ്റ് ബസിൽ കയറിയത്. രണ്ടു ബാഗുകളിലായി പ്രത്യേകം പാക്കു ചെയ്ത നിലയിലാരുന്നു മയക്കുമരുന്ന് കണ്ടെത്തിയത്. എസ്.പി ക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് റൂറൽ ജില്ലാ ഡാൻസാഫ് ടീമും അങ്കമാലി പോലീസും നടത്തിയ പരിശോധനയിൽ രാവിലെ ഏഴ് മണിയോടെയാണ് കഞ്ചാവ് ഓയിൽ പിടികൂടിയത്. അസ്ലമിനെ പോലീസ് പിടികൂടിയതറിയാതെ ഓയിൽ വാങ്ങാൻ അങ്കമാലി ബസ്സ് സ്റ്റാറ്റാൻറിലെത്തുകയായിരുന്നു ക്ലിൻറ്. പോലീസ് പിടികൂടുമെന്നായപ്പോൾ വാഹനം ഉപേക്ഷിച്ച് രക്ഷപ്പെടാൻ ശ്രമിച്ച ഇയാളെ പോലീസ് പിന്തുടർന്നാണ് പിടികൂടിയത്. നേരത്തെയും ഇവർ മയക്കുമരുന്ന് കൊണ്ടുവന്നിട്ടുണ്ട്. ഇവരുടെ മയക്കുമരുന്നു ബന്ധങ്ങൾ പരിശോധിക്കുമെന്ന് എസ്.പി കെ. കാർത്തിക്ക് പറഞ്ഞു. നർക്കോട്ടിക്ക് സെൽ ഡിവൈഎസ്പി സക്കറിയ മാത്യു, ആലുവ ഡി.വൈ.എസ്.പി പി. കെ.ശിവൻകുട്ടി, അങ്കമാലി ഇൻസ്പെക്ടർ സോണി മത്തായി, എസ്.ഐമാരായ എൽദോ പോൾ, മാർട്ടിൻ ജോൺ എ.എസ്.ഐ റെജിമോൻ, സി.പ I.ഒ എൻ എം അഭിലാഷ് തുടങ്ങിയവരും അന്വേഷണ സംഘത്തിലുണ്ട്.

## ആഗോളവൽക്കരണത്തിന് മരണം സംഭവിച്ചു: പി രാജീവ്

**പാലക്കാട്** :ചരക്ക് ഒഴുകാനുള്ള തടസ്സം ഇല്ലാതാക്കണമെന്നു പറഞ്ഞ അമേരിക്ക താരിഫിന്റെ പേരിൽ ചൈനയിൽനിന്നുള്ള ചരക്കുനീക്കം തടയുന്നത് ആഗോളവൽക്കരണത്തിന് മരണം സംഭവിച്ചുവെന്നതിന്റെ പ്രഖ്യാപനമാണെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റംഗം പി രാജീവ് പറഞ്ഞു. സിപിഐ എം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി പുതുശേരി ഏരിയ കമ്മിറ്റി സംഘടിപ്പിച്ച 'പരാജയപ്പെടുന്ന സാമ്രാജ്വത്വ ആഗോളവൽക്കരണവും ബദൽ മുന്നേറ്റങ്ങളും' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോളവൽക്കരണ തകർച്ചയുടെ ഏറ്റവും വലിയ ഉദാഹരണമാണ് ചിലിയിൽ കണ്ടത്. ആഗോളവൽക്കരണം ശക്തമായി നടപ്പാക്കിയിരുന്ന ബ്രിട്ടനും അമേരിക്കയുമെല്ലാം നയങ്ങളിൽ മാറ്റം വരുത്തിക്കഴിഞ്ഞു. ബ്രക്സിറ്റ് അതിന്റെ ഭാഗമായാണ്. സംസ്ഥാന സർക്കാരിനെ ശക്തിപ്പെടുത്തുന്നത് ആഗോളവൽക്കരണ നയങ്ങൾക്കെതിരായ പോരാട്ടത്തിന് കരുത്തുപകരും. പ്രക്ഷോഭങ്ങളിലൂടെ ആഗോളവൽക്കരണ നയങ്ങളെ ചെറുത്തുതോൽപ്പിക്കാനാകും എന്നതിന്റെ ഉദാഹരണമാണ് കർഷക സമര വിജയം. ചരിത്രത്തിൽ ആദ്യമായി ഉദാരവൽക്കരണ നയങ്ങൾതന്നെ റദ്ദാക്കാനായത് വർഗഐക്യത്തിന്റെ വിജയമാണ്. എന്നാൽ കർഷകവിരുദ്ധ ബില്ലുകൾ റദ്ദാക്കിയ സമ്മേളനംതന്നെയാണ് ബാങ്ക് സ്വകാര്യവൽക്കരണത്തിന് തുടക്കംകുറിച്ചതെന്നും മറക്കേണ്ട. എന്നാൽ പ്രകോപനങ്ങളെയും പ്രലോഭനങ്ങളെയും മറികടന്ന് വിശാലമായ ഐക്യത്തോടെ കർഷകർ ഒരു വർഷത്തോളം നടത്തി വിജയിച്ച പ്രക്ഷോഭം ചരിത്രമാണ്. സമൂഹത്തെ ജാതീയമായി ഭിന്നിപ്പിച്ച് ദുർബലപ്പെടുത്താനുള്ള വർഗീയ കക്ഷികളുടെ ശ്രമത്തെ പ്രതിരോധിക്കണമെന്നും രാജീവ് പറഞ്ഞു. ഏരിയ സെക്രട്ടറി സുഭാഷ് ചന്ദ്രബോസ് അധ്യക്ഷനായി. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, സിപിഐ എം സംസ്ഥാന കമ്മിറ്റിയംഗം എൻ എൻ കൃഷ്ണദാസ്, ജില്ലാ സെക്രട്ടറിയറ്റംഗം ടി കെ നാരായണദാസ്, എ പ്രഭാകരൻ എംഎൽഎ, ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് മനോജ് ചിങ്ങന്നൂർ എന്നിവർ സംസാരിച്ചു. സിപിഐ എം ജില്ലാ കമ്മിറ്റിയംഗം നിതിൻ കണിച്ചേരി സ്വാഗതവും പി ഉണ്ണിക്കൃഷ്ണൻ നന്ദിയും പറഞ്ഞു.







# പ്രോ ബാസ്ക്കറ്റ് ബോൾ ലീഗ് സീസൺ 3-ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു

ഇന്ത്യയിൽ 3 ః 3 പ്രൊഫഷണൽ ബാസ്ക്കറ്റ് ബോൾ ലീഗ് സീസൺ 3-നുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഇതു സംബന്ധിച്ച കരാറിൽ, ബാസ്ക്കറ്റ് ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യയും (ബിഎഫ്ഐ) പ്രോ ബാസ്ക്കറ്റ് ബോൾ ലീഗ് ഇന്ത്യൻ കോണ്ടിനെന്റും (3 ബിഎൽ) ഒപ്പുവച്ചു.റോഡ് ടു ഒളിമ്പിക്സ് എന്ന ടാഗ് ലൈനുള്ള ലീഗിൽ ചാമ്പ്യൻ പട്ടത്തിനായി 18 ടീമുകൾ മാറ്റുരയ്ക്കും. 12 പുരുഷ ടീമുകളും 6 വനിതാ ടീമുകളും. 3 ബിഎൽ; 2022 മാർച്ച് അഞ്ചു മുതൽ 27 വരെ തീയതികളിൽ ചണ്ഡീഗഡിലാണ് നടക്കുക. വിജയികൾ ഒളിമ്പിക്സിലേയ്ക്ക് യോഗ്യത നേടും.ഇതു സംബന്ധിച്ച കരാറിൽ 3 ബിൽ കമ്മീഷണർ രോഹിത് ബക്ഷിയും ബിഎഫ്ഐ സെക്രട്ടറി ചന്ദർ മുഖി ശർമയും ഒപ്പുവച്ചു. അന്താരാഷ്ട്ര താരങ്ങളായ അംജ്യോത് സിങ്ങ് ഗിൽ, പാൽ പ്രീത് സിംഗ് ബ്രാർ, വനിതാതാരം രസ്പ്രീത് സിദ്ദു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ഇന്ത്യൻ ബാസ്ക്കറ്റ് ബോൾ താരങ്ങളുടെ സമഗ്ര വളർച്ചയാണ് 3 ః 3 പ്രൊഫഷണൽ ബാസ്ക്കറ്റ് ബോൾ ലക്ഷ്യമിടുന്നത്. ഇന്ത്യൻ താരങ്ങൾക്ക് ലഭിക്കുന്ന വൻ സാമ്പത്തികനേട്ടം തന്നെയാണ് പ്രധാനം. ഇന്ത്യൻ താരങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ സാന്നിധ്യം അറിയിക്കാനും ഇതു സഹായകമാകും.ദേശീയ ടീമുകൾക്ക് അടുത്ത വർഷത്തെ കോമൺവെൽത്ത് ഗെയിംസിലെ 3 X 3 മത്സരങ്ങളിൽ പങ്കെടുക്കാനുള്ള ഒരു ഫീഡർ സിസ്റ്റമായി ഇതു മാറും. 3 ബി എല്ലിൽ പങ്കെടുക്കുന്ന എല്ലാ കളിക്കാർക്കും ഫിബയുടെ ഉയർന്ന റാങ്കിംഗ് പ്രതീക്ഷിക്കാം. ഇത് ഇന്ത്യയുടെ ഒളിമ്പിക്സ് യോഗ്യതാ സാധ്യതകൾ വർധിപ്പിക്കുകയും ചെയ്യും.മികച്ച റാങ്കുള്ള ടീമുകൾക്ക് ഫിബ 3 X 3 അന്താരാഷ്ട്ര ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള അവസരവും ലഭിക്കും. ഇന്ത്യയുടെ ദേശീയ ബാസ്ക്കറ്റ് ബോൾ കലണ്ടറിലെ ഒരു പ്രധാന ഇനമാണ് 3 ബിഎൽ. ദേശീയ ചാമ്പ്യൻഷിപ്പുകൾക്കു പുറമേ മുൻനിര ക്ലബ്ബ് ടീമുകൾക്കുള്ള ഫെഡറേഷൻ കപ്പും ഉണ്ട്. ഇന്ത്യൻ കളിക്കാരുടെ കായിക ക്ഷമത നിലനിർത്തുകയാണ് ഇത്തരം മത്സരങ്ങളുടെ ലക്ഷ്യം.ടി 20 ക്രിക്കറ്റിന് സമാനമാണ് 3 ః 3 ബാസ്ക്കറ്റ് ബോൾ. ലോകത്തിലെ അതിവേഗം വളരുന്ന ഈ കായിക വിനോദം സ്കൂളുകളിലും കോളജുകളിലുമൊക്കെ ഇപ്പോൾ സ്ഥാനം പിടിച്ചിട്ടുണ്ട്.ഇന്ത്യ, ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, മാലിദ്വീപ്, ഭൂട്ടാൻ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ 3 X 3 പ്രൊഫഷണൽ ബാസ്ക്കറ്റ് ബോൾ ലീഗുകൾ നടത്താനുള്ള അവകാശം വൈകെ ബികെ എന്റർപ്രൈസസിനാണ്.3 ః 3 ബാസ്ക്കറ്റ് ബോൾ ലോകത്തിലെ അതിവേഗയേറിയതും ഹൃസ്വവുമായ മത്സരമാണ്. ഒരു വളയവും ഒരുപകുതി കോർട്ടും ആറു കളിക്കാരും മാത്രം മതി ഒരു ഗെയിമിന്. പത്തു മിനിറ്റാണ് കളിയുടെ ദൈർഘ്യം. 10 മിനിറ്റിനുള്ളിൽ 21 പോയിന്റോ അല്ലെങ്കിൽ ഉയർന്ന സ്കോറോ നേടുന്ന ടീം വിജയിക്കും. 2022 ബർമിംഗ് ഹാം കോമൺ വെൽത്ത് ഗെയിംസ്, 2024 പാരീസ് ഒളിമ്പിക്സ് എന്നിവയിൽ 3 ః 3 ബാസ്ക്കറ്റ് ബോൾ മത്സര ഇനമാണ്. കൂടുതൽ വിവരങ്ങൾക്ക് **www.3x3bl.com**



# നഴ്സുമാരുടെ കുറവു പരിഹരിക്കാൻ കേന്ദ്രത്തിലും


## സംസ്ഥാനങ്ങളിലും അടിയന്തരമായി നഴ്സിങ് ഡയറക്ടറേറ്റുകൾ സ്ഥാപിക്കക്കും

**കൊച്ചി:** നഴ്സിങ്, മിഡ്വൈഫറി രംഗത്ത് രംഗത്ത് ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടയന്തരമായി നടപ്പാക്കണമെന്ന് കോവിഡാനന്തര കാലത്തെ നിർണായക വിഷയങ്ങൾക്കു പരിഹാരം കാണുന്നതിനായുള്ള ആശയങ്ങൾ ഉയർത്തിയെടുക്കാൻ ശ്രമിക്കുന്ന തിങ്ക് ചെയ്ഞ്ച് ഫോറം ആവശ്യപ്പെട്ടു. ഇന്ത്യയിലെ നഴ്സിങ് അടിസ്ഥാന സൗകര്യങ്ങൾ മറ്റൊരു തരംഗം കൂടി നേരിടാൻ തയ്യാറാണോ എന്ന വിഷയത്തിൽ നടത്തിയ ചർച്ചയിലാണ് ഈ ആവശ്യം ഉയർന്നു വന്നത്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഇതിനകം അനുവദിച്ചിട്ടുള്ള നഴ്സിങ് നേതൃത്വ നിരയിലെ തസ്തികൾ നികത്തണമെന്നും വിവിധ സംസ്ഥാനങ്ങളിലെ ഡയറക്ടറേറ്റുകളിൽ അധിക നഴ്സിങ് തസ്തികകൾ സ്ഥാപിക്കണമെന്നും ചർച്ചയിൽ ആവശ്യമുയർന്നു. ഇന്ത്യ നഴ്സിങ് കൗൺസിൽ നിയമം 1947 റദ്ദാക്കി നാഷണൽ നഴ്സിങ് ആന്റ് മിഡ് വൈഫറി കമ്മീഷൻ ബിൽ പാസാക്കണമെന്നും ഫോറം ആവശ്യപ്പെട്ടു. നഴ്സിങ്, മിഡ് വൈഫറി രംഗങ്ങളിൽ ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ രംഗത്തെ നിക്ഷേപങ്ങൾ വർധിപ്പിക്കുകയും വേണം. ഇന്ത്യയിൽ 30 ലക്ഷം രജിസ്ട്രേഡ് നഴ്സുമാരും മിഡ് വൈഫുമാരുമാണുള്ളത്. ആയിരം പേർക്ക് മൂന്നു നഴ്സുമാർ എന്ന ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡ പ്രകാരം 43 ലക്ഷം നഴ്സുമാരെയാണ് 2024-ഓടെ കൂടുതലായി വേണ്ടി വരിക. വളരെ ചുരുക്കം സംസ്ഥാനങ്ങളിൽ മാത്രമേ നഴ്സിങ് ഡയറക്ടറേറ്റുകൾ ഉള്ളു എന്നും നഴ്സിങ് കേഡറിലെ തസ്തികകൾ നികത്തേണ്ട അടിയന്തര ആവശ്യമുണ്ടെന്നും ചർച്ചയിൽ പങ്കെടുത്ത ഇന്ത്യൻ നഴ്സിങ് കൗൺസിൽ പ്രസിഡന്റ് ഡോ. ടി ദിലീപ് കുമാർ പറഞ്ഞു. രാജ്യത്തിനകത്ത് നഴ്സുമാരുടെ കുറവുണ്ടെങ്കിലും ഇന്ത്യ ആഗോള തലത്തിൽ നഴ്സുമാരെ സംഭാവന ചെയ്യുകയാണെന്ന് നഴ്സിങ് അസോസിയേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ഡോ. റോയ് കെ ജോർജ്ജ് പറഞ്ഞു. കുറഞ്ഞ വേതനം മൂലം ഈ രംഗത്തുള്ളവർ വൻ തോതിൽ വിദേശത്തേക്കു പോകുകയാണെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ സേവന രംഗത്ത് നഴ്മാരും മിഡ് വൈഫുമാരും നിർണായക പങ്കാണു വഹിക്കുന്നതെന്ന് ജെപിഗോ സ്ട്രാറ്റജിക് അഡ്വൈസർ ഡോ. ബുൽബുൽ സൂദ് ചൂണ്ടിക്കാട്ടി.



# ഐറ്റി, മെറ്റൽ, റിയൽറ്റി ഓഹരികൾ കരുത്തായി; ഓഹരി സൂചികകളിൽ മുന്നേറ്റം

രണ്ടു ദിവസത്തെ ഇടിവിനു ശേഷം സൂചികകളിൽ മുന്നേറ്റം. സെൻസെക്സ് 497 പോയ്ന്റ് ഉയർന്ന് 56319.01 പോയ്ന്റിലും നിഫ്റ്റി 156.60 പോയ്ന്റ് ഉയർന്ന് 16770.80 പോയ്ന്റിലും ഇന്ന് വ്യാപാരം അവസാനിപ്പിച്ചു.ഇന്നലെ വ്യാപകമായ വിറ്റഴിക്കലിന് സാക്ഷ്യം വഹിച്ച വിപണി ഇന്ന്, ആഗോള വിപണിയിൽ നിന്നുള്ള ശുഭസൂചനകളുടെ പ്രതീക്ഷയിൽ കരുത്തു നേടി.വിദേശ നിക്ഷേപകർ വിറ്റഴിക്കൽ തുടരുകയും ഒമിക്രോൺ വകഭേദത്തെ സംബന്ധിച്ച ആശങ്കകൾ നിലനിൽക്കുകയും ചെയ്യുന്നതിനിടയിലും ഇന്ത്യൻ നിക്ഷേപകർ ശുഭാപ്തിവിശ്വാസത്തോടെ ശ്രദ്ധാപൂർവം നിക്ഷേപം തുടർന്നു.2204 ഓഹരികൾ ഇന്ന് നേട്ടമുണ്ടാക്കി. 1033 ഓഹരികളുടെ വിലിയിടിഞ്ഞു. 11 ഓഹരികളുടെ വിലയിൽ മാറ്റമുണ്ടായില്ല.എച്ച്സി എൽ ടെക്നോളജീസ്, വിപ്രോ, യുപിഎൽ, അദാനി പോർട്സ്, ടാറ്റ സ്റ്റീൽ തുടങ്ങിയവ നേട്ടമുണ്ടാക്കിയ ഓഹരികളിൽ പെടുന്നു. പവർ ഗ്രിഡ് കോർപറേഷൻ, ആക്സിസ് ബാങ്ക്, ബജാജ് ഫിനാൻസ്, സിപ്ല, എസ്ബിഐ തുടങ്ങിയവയ്ക്ക് നേട്ടമുണ്ടാക്കാനായില്ല.സെക്ടറൽ സൂചികകളെല്ലാം ഇന്ന് നേട്ടം രേഖപ്പെടുത്തി. റിയൽറ്റി, കാപിറ്റൽ ഗുഡ്സ്, ഫാർമ, എനർജി, ഐറ്റി, മെറ്റൽ സൂചികകൾ 1-3 ശതമാനം നേട്ടമുണ്ടാക്കി. ബിഎസ്ഇ മിഡ്കാപ്, സ്മോൾകാപ് സൂചികകൾ ഒരു ശതമാനം നേട്ടം രേഖപ്പെടുത്തി.




# പ്രത്യേക സാമ്പത്തിക മേഖല(SEZ); നിയമങ്ങൾ ലഘൂകരിക്കാൻ സാധ്യത

2022 23 ലേക്കുള്ള കേന്ദ്ര ബജറ്റിൽ സർക്കാർ പ്രത്യേക സാമ്ബത്തിക ,മേഖലയുടെ (ടളളദ സ്പെഷ്യൽ ഇക്കണോമിക് സോൺ) നിയമങ്ങളിൽ മാറ്റം വരുത്താൻ സാധ്യത ഉണ്ടെന്ന് റിപ്പോർട്ട്. പ്രത്യേക സാമ്പത്തിക മേഖലയുടെ അനുവർത്തന (രീാുഹശമിരല) ഭാരം ലഘൂകരിക്കാനാണ് നീക്കം. ഇവിടെ പ്രവർത്തിക്കുന്ന കമ്ബനികൾക്ക് ഇന്ത്യൻ രൂപയിൽ പണം സ്വീകരിക്കാൻ അനുവാദം നൽകിയേക്കും.പ്രത്യക സാമ്പത്തിക മേഖലയുടെ നികുതി ഒഴിവുകൾ (മേഃ വീഹശറമ്യെ) അവസാനിക്കുന്ന വേളയിൽ ഇവിടെ പ്രവർത്തിക്കുന്ന പല കമ്ബനികളും മറ്റു സ്ഥലങ്ങളിലേക്ക് മാറി പ്രവർത്തിക്കാൻ സാധ്യതയുണ്ട്. അങ്ങനെ വന്നാൽ പ്രത്യേക സാമ്പത്തിക മേഖലകൾ പ്രവർത്തന ക്ഷമമല്ലാതെ വെറുതെ കിടക്കാമെന്ന് സർക്കാർ ഭയപ്പെടുന്നു. ഈ സാഹചര്യത്തിലാണ് കമ്ബനികൾക്കു പ്രവർത്തന പ്രഖ്യാപിക്കാൻ പദ്ധിതിയിടുന്നത്.കമ്പനികൾക്ക് അധിക വാണിജ്യ ഗാർഹിക കെട്ടിടങ്ങൾ സ്ഥാപിക്കാൻ സാമ്പത്തിക മേഖലയ്ക് അധികാരം നൽകാനും സാധ്യത ഉണ്ട്. പ്രത്യക സാമ്പത്തിക മേഖലകൾ കോവിഡ് പശ്ചാത്തലത്തിൽ നികുതി ഇളവുകൾ തുടരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയുടെ മുഖ്യ ആകർഷണം നികുതി ഇളവുകളായിരുന്നു.




PRAVASI-WORLD





# ഒമിക്രോൺ – വിദേശത്ത് നിന്നും കേരളത്തിലേക്ക് എത്തുന്നവർ 14 ദിവസം നിരീക്ഷണത്തിൽ കഴിയണം

**പി പി ചെറിയാൻ**

ഡാളസ് :ഹൈ റിസ്ക് വിഭാഗത്തിൽ ഉൾപ്പെടാത്ത രാജ്യങ്ങളിൽ നിന്നും എത്തുന്നവരിലും ഒമിക്രോൺ സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ വിദേശത്തു നിന്നും എത്തുന്ന എല്ലാവരും 14 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയണമെന്ന് വിവിധ കളക്ടർമാർ അഭ്യർത്ഥിക്കുന്നു.ഇക്കാലയളവിൽ പൊതുസ്ഥലങ്ങൾ സന്ദർശിക്കുന്നതും ചടങ്ങുകളിൽ പങ്കെടുക്കുന്നതും ഒഴിവാക്കണം. നെടുമ്പാശ്ശേരി വിമാനത്താവളം വഴി നാട്ടിലേക്ക് എത്തിയ മൂന്നു പേർക്കാണ് കഴിഞ്ഞ ദിവസങ്ങളിൽ ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതിൽ ഒരാൾ കോംഗോയിൽ നിന്നും മറ്റു രണ്ടു പേർ യു.എ.ഇയിൽ നിന്നുമാണെത്തിയത്. കോംഗോയും യു.എ.ഇയും ഹൈ റിസ്ക് പട്ടികയിൽ വരാത്ത രാജ്യങ്ങളാണെന്നിരിക്കെ അതീവ ജാഗ്രത അനിവാര്യമാണ്.ഒമിക്രോൺ റിപ്പോർട്ട് ചെയ്യപ്പെട്ട ഹൈ റിസ്ക് വിഭാഗത്തിൽപെട്ട രാജ്യങ്ങളിൽ നിന്ന് എത്തുന്ന എല്ലാവരെയും വിമാനത്താവളത്തിൽ വച്ചു തന്നെ കോവിഡ് പരിശോധന നടത്തി. ഫലം നെഗറ്റീവ് ആണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമാണ് വീടുകളിലേക്ക് അയക്കുന്നത്. ഇവർ ഏഴു ദിവസം വീടുകളിൽ പൊതു സമ്പർക്കം ഒഴിവാക്കി ക്വാറൻറീനിൽ കഴിയണം. എട്ടാം ദിവസം വീണ്ടും പരിശോധന നടത്തണം. ഫലം നെഗറ്റീവ് ആയാലും ഇവർ 7 ദിവസം കൂടി സ്വയം നിരീക്ഷണം തുടരണം.അതേസമയം മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നെത്തുന്നവർക്ക് വിമാനത്താവളത്തിൽ നിലവിൽ റാൻഡം പരിശോധനയാണ് നടത്തുന്നത്. അതിനാൽ ഇവിടെ എത്തുന്നത് മുതൽ അടുത്ത 14 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയണം. കോവിഡ് അനുബന്ധ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ പ്രദേശത്തെ ആരോഗ്യ പ്രവർത്തകരെ അറിയിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും വേണം. മാർഗനിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ ദുരന്ത നിവാരണ - പൊതുജനാരോഗ്യ സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുംഹൈ റിസ്ക് പട്ടികയിൽ പെടാത്ത രാജ്യങ്ങളിൽ നിന്ന് എത്തുന്നവരിലും ഒമിക്രോൺ ബാധ സ്ഥിരീകരിക്കുന്ന സാഹചര്യത്തിൽ വിദേശത്ത് നിന്നും എത്തുന്ന എല്ലാവർക്കും നിർബന്ധിത ക്വാറന്റീൻ നിർദേശം നൽകിക്കൊണ്ടുള്ള അറിയിപ്പ് എറണാകുളം,കോട്ടയം ജില്ലാ കളക്ടർമാർ പുറത്തിറക്കി. വിദേശത്ത് നിന്ന് എത്തുന്നവർ 14 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയണമെന്നാണ് അറിയിച്ചത്. ക്വാറന്റീൻ കാലയളവിൽ പൊതുസ്ഥലങ്ങൾ സന്ദർശിക്കുന്നതും ചടങ്ങുകളിൽ പങ്കെടുക്കുന്നതും ഒഴിവാക്കണം.



കെ.കെ ആർ ഗ്രൂപ്പ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ ശ്രീലങ്കൻ കോൺസുലേറ്റ് ജനറൽ ആദരിച്ച ചടങ്ങിൽ നിന്ന്

## ആദ്യം കൊന്നു, പിന്നെ ഭക്ഷിച്ചു: നരഭോജിയായ യുവാവിനെ അറസ്റ്റ് ചെയ്തു

**ബോയിസ്:** എഴുപത് വയസ്സുകാരനെ കൊലപ്പെടുത്തി ഭക്ഷിച്ച കേസിൽ യുവാവിനെതിരെ കേസ് രജിസ്റ്റർ ചെയ്തു. അമേരിക്കയിലെ ഐഡഹോയിലാണ് സംഭവം നടന്നത്.ജെയിംസ് ഡേവിഡ് എന്നയാൾക്കെതിരെയാണ് നരഭോജനത്തിന് കേസ് രജിസ്റ്റർ ചെയ്തത്. സെപതംബർ ആറിനാണ് ഡേവിഡിനെ കസ്റ്റഡിയിലെടുക്കുന്നത്. തുടർന്ന് ചോദ്യം ചെയ്ത് വരികയായിരുന്നു. ഫ്ലാഗ് എന്നയാളെയാണ് ഡേവിഡ് കൊലപ്പെടുത്തി ഭക്ഷിച്ചത്.ഐഡഹോയിൽ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ നരഭോജന കേസാണിത്. ഇയാളുടെ വീടിന് പുറത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ നിന്നും ഫ്ലാഗിന്റെ ശരീരം കണ്ടെത്തിയിരുന്നു. മൃതദേഹത്തിൽ ചില ഭാഗങ്ങൾ ഇല്ലായിരുന്നുവെന്ന് പോലീസ് കണ്ടെത്തി. തുടർന്ന് ഡേവിഡിന്റെ വീട്ടിൽ പരിശോധന നടത്തി. പരിശോധനയിൽ ഡേവിഡിന്റെ വീട്ടിൽ നിന്നും മാംസങ്ങൾ കണ്ടെത്തി. ഇത് കാറിലെ മൃതദേഹത്തിലേതാണെന്ന് പിന്നീട് പരിശോധനയിൽ തെളിഞ്ഞു.രക്തം പുരണ്ട മൈക്രോവേവ്, പാത്രം, ബാഗ്, കത്തി എന്നിവ ഇയാളുടെ വീട്ടിൽ നിന്നും കണ്ടെത്തിയിരുന്നു. ഇവയെല്ലാം തന്നെ കാറിൽ കണ്ടെത്തിയ മൃതദേഹവുമായി സാമ്യം പുലർത്തുന്നതായിരുന്നു. മനുഷ്യ മാംസം ഭക്ഷിക്കുന്നത് തലച്ചോറിനും ശരീരത്തിനും ഗുണകരമാണെന്ന വിശ്വാസമാണ് ഇയാളെ കൊലപാതകത്തിലേക്ക് നയിച്ചത്. വലിയ നാടകീയ രംഗങ്ങൾക്കൊടുവിലാണ് ഇയാളെ പോലീസ് അറസ്റ്റ് ചെയ്തത്.

പ്രവാസി മലയാളി ഫെഡറേഷൻ
NORKA Reg.No AUS/18/102-C, NGO Reg.No.TSR/CA101/2017. PHONE: 9495471536, 9656012399. Email-pmfdirectors@gmail.com
എൻ.എസ്.എസ്. ആർക്കേഡ്, എം.സി. റോഡ് കൂത്താട്ടുകുളം,




# ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി: സെമി ഫൈനലിൽ ജപ്പാനോട് തോറ്റ് ഇന്ത്യ

**ധാക്ക:** ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി സെമി ഫൈനലിൽ ജപ്പാനോട് തോൽവി വഴങ്ങി ഇന്ത്യ. ഗ്രൂപ്പ് ഘട്ടത്തിൽ ജപ്പാനെ എതിരില്ലാത്ത ആറു ഗോളുകൾക്ക് തകർത്തതിൻറെ ആത്മവിശ്വാസത്തിൽ കളത്തിലിറങ്ങിയ ഇന്ത്യയുടെ തോൽവി ഞെട്ടിപ്പിക്കുന്നതായിരുന്നു.മൂന്നിനെതിരെ അഞ്ചു ഗോളുകൾക്കാണ് ജപ്പാൻറെ വിജയം. ഷോട്ട യമാദ, റെയ്ക്കി ഫുജിഷിമ, യോഷികി ക്രിഷിറ്റ, കൊസീ കവാബെ, ഊക്ക റിമോ എന്നിവരാണ് ജപ്പാനുവേണ്ടി ഗോളുകൾ നേടിയത്. ഇന്ത്യക്കുവേണ്ടി ദിൽപ്രീത് സിങ്, ഹർമൻപ്രീത് സിങ്, ഹാർദിക് സിങ് എന്നിവർ വലകുലുക്കി. മൂന്നാംസ്ഥാനത്തിനുവേണ്ടിയുള്ള മത്സരത്തിൽ പാകിസ്താനാണ് ഇന്ത്യയുടെ എതിരാളി.നേരത്തെ, ആദ്യ സെമിയിൽ ദക്ഷിണ കൊറിയ പാകിസ്താനെ പരാജയപ്പെടുത്തിരുന്നു. ഗ്രൂപ്പ് മത്സരങ്ങളിൽ ദക്ഷിണ കൊറിയയോട് 2-2ൻറെ സമനില വഴങ്ങിയ ഇന്ത്യ തുടർന്നുള്ള മത്സരങ്ങളിൽ ബംഗ്ലാദേശ് (90), പാകിസ്താൻ (31), ജപ്പാൻ (60) എന്നിവരെ പരാജയപ്പെടുത്തി ഗ്രൂപ്പ് ചാമ്ബ്യന്മാരായാണ് സെമിയിലെത്തിയത്.നിലവിൽ ഇന്ത്യയും പാകിസ്താനും സംയുക്ത ജേതാക്കളാണ്. 2018ൽ മോശം കാലാവസ്ഥയെ തുടർന്ന് ഫൈനൽ മത്സരം ഉപേക്ഷിച്ചതോടെ ഇന്ത്യയെയും പാകിസ്താനെയും ജേതാക്കളായി പ്രഖ്യാപിക്കുകയായിരുന്നു.

# ദ്രാവിഡിന്റെ കാലത്ത് ഇന്ത്യ തോൽക്കാതിരിക്കാനാണ് ശ്രമിച്ചിരുന്നത്, കോഹ്ലിയുടെ ലക്ഷ്യം വിജയം മാത്രമാണ്, കോഹ്ലിയുടെ ബാല്യകാലകോച്ച്

രാഹുൽ ദ്രാവിഡിന്റെ കാലത്ത് ഇന്ത്യൻ ടീം വിദേശടെസ്റ്റുകളിൽ വിജയിക്കാനല്ല നോക്കിയിരുന്നതെന്ന് വിരാട് കോഹ്ലിയുടെ ബാല്യകാല കോച്ച് രാജ്കുമാർ ശർമ്മ.എന്നാൽ മറുഭാഗത്ത് വിദേശത്ത് വിജയിക്കുക മാത്രമാണ് കോഹ്ലിയുടെ ലക്ഷ്യമെന്നും അടുത്തിടെ നടന്ന അഭിമുഖത്തിൽ രാജ്കുമാർ ശർമ്മ പറഞ്ഞു.വിദേശത്ത് ഏറ്റവും കൂടുതൽ ടെസ്റ്റ് മത്സരങ്ങളിൽ ഇന്ത്യയെ വിജയത്തിലെത്തിച്ചിട്ടുള്ള ക്യാപ്റ്റൻ വിരാട് കോഹ്ലിയാണ്. കോഹ്ലിയുടെ കീഴിൽ വിദേശത്ത് 15 ടെസ്റ്റിൽ ഇന്ത്യ വിജയിച്ചിട്ടുണ്ട്. വിദേശത്ത് 11 വിജയം നേടിയിട്ടുള്ള സൗരവ് ഗാംഗുലിയാണ് കോഹ്ലിയ്ക്ക് പുറകിലുള്ളത്. ചരിത്രത്തിൽ ആദ്യമായി ഇന്ത്യ ഓസ്ട്രേലിയയിൽ ടെസ്റ്റ് പരമ്ബര നേടിയതും കോഹ്ലിയുടെ കീഴിലാണ്.' രാഹുൽ ദ്രാവിഡ് കളിക്കുന്ന കാലത്ത് ഇന്ത്യൻ ടീമിന് പ്രതിരോധ മനോഭാവമാണ് ഉണ്ടായിരുന്നത്. ടെസ്റ്റ് പരമ്ബരയ്ക്കായി വിദേശത്ത് പോയപ്പോഴെല്ലാം പരമ്ബരയിൽ പരാജയപ്പെടാതിരിക്കാൻ മാത്രമാണ് അവർ ശ്രമിച്ചത്. എന്നാൽ വിജയം മാത്രമാണ് കോഹ്ലിയുടെ ലക്ഷ്യം അതുകൊണ്ടാണ് അവൻ അഞ്ച് ബൗളർമാരുമായി കളിക്കാൻ ഇറങ്ങുന്നത്. ' രാജ്കുമാർ ശർമ്മ പറഞ്ഞു. കോച്ചിന്റെ ജോലിയെന്നത് തന്ത്രങ്ങൾ മാത്രമാണെന്നും ടീമിന് നയിക്കേണ്ടത് ക്യാപ്റ്റന്റെ ജോലിയാണെന്നും ഗ്രെഗ് ചാപ്പൽ കോച്ചായിരിക്കെ രാഹുൽ ദ്രാവിഡ് ടീമിന്റെ ഭാഗമായതതിനാൽ എന്തൊക്കെയാണ് കോച്ചിന്റെ ജോലിയെന്ന് ദ്രാവിഡിന് നന്നായി അറിയാമെന്നും കോഹ്ലിയുടെ ബാല്യകാല കോച്ച് പറഞ്ഞു.' ഗ്രെഗ് ചാപ്പൽ വിവാദം രാഹുൽ ദ്രാവിഡ് കണ്ടിട്ടുള്ളതാണ്, അതുകൊണ്ട് തന്നെ എന്താണ് കോച്ചിന്റെ ജോലിയെന്ന് ദ്രാവിഡിന് കൃത്യമായി അറിയാം. അദ്ദേഹത്തിന്റെ ജോലിയെന്നത് തന്ത്രങ്ങൾമെനയുകയും യുവതാരങ്ങളെ വളർത്തിയെടുക്കുകയുമാണ്. ആത്യന്തികമായി ടീമിനെ നയിക്കേണ്ടത് ക്യാപ്റ്റനാണ് ' രാജ്കുമാർ ശർമ്മ കൂട്ടിച്ചേർത്തു.


ഭൂമിയിലുള്ള ഏതു രോഗത്തിനും പരിഹാരം - അതും മരുന്നുകൾ ഇല്ലാതെ തന്നെ.പ്രപഞ്ചത്തെ മുന്നോട്ടു നയിക്കുന്ന അതേ പ്രചണ്ഡശക്തി തന്നെയാണ് നമ്മുടെ ശരീരത്തിലും സൂഷ്മരൂപത്തിൽ അന്തർലീനമായിരിക്കുന്നത്. തെറ്റായതും പ്രകൃതിയുടെ വിരുദ്ധവുമായ ജീവിതശൈലിയിലൂടെ ആ ശക്തിയുടെ പ്രവാഹത്തിന് തടസ്സം നേരിടമ്പോൾ ശരീരത്തിൽ അസന്തുലിതാവസ്ഥ ഉണ്ടാകുന്നു. ഇതാണ്നമുക്ക് രോഗമായി അനുഭവപ്പെടുന്നത്. ശരീരത്തിലുള്ള ഊർജ്ജ കേന്ദ്രങ്ങളിലൂടെ തന്നെ നമുക്ക് ശരീരത്തിന്റെ കായമഹമിരലന് പരിഹാരം കാണാൻ സാധിക്കും, അക്യുപങ്ചർ രീതിയുടെഅടിസ്ഥാന തത്വമാണ് ഇവിടെസൂചിപ്പിച്ചത്.അക്യുപങ്ചർ ലോകത്തിൽ ലക്ഷക്കണക്കിന് ആളുകൾ പിന്തുടരുന്ന രീതിയാണിന്ന്. RCT Ran-domized Controld Trail എന്ന മോഡേൺ മെഡിസിൻ എന്നു വിളിക്കുന്ന അലോപ്പതിക്കാരുടെ രീതി വച്ചു തന്നെ Proove ചെയ്യപ്പെട്ടിട്ടുള്ളതാണ് അക്യുപങ്ചർതത്വങ്ങൾ ഇന്ന്, നേച്ചർ പോലെയുള്ള ശാസ്ത്ര ജേർണലുകളിൽ ഇവയെല്ലാം പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.എന്തും പരിഹരിക്കാനുള്ള ശക്തി ശരീരത്തിന് സ്വാഭാവികമായും ഉണ്ടെന്ന് ഒരു അക്യുപങ്ചർ കേന്ദ്രത്തിൽ വരുന്ന ഏതൊരാൾക്കും അനുഭവതലത്തിൽ തന്നെ ബോധ്യപ്പെടാവുന്ന കാര്യങ്ങളാണ്. കേവലം ഒരു ഭ്രൂണാ വസ്ഥയിൽ നിന്ന് ഇത്രയും സങ്കീർണ്ണമായ ഘടനയോടുകൂടിയശരീരമായി നമ്മൾ മാറിയത് ബാഹ്യസഹായം കൊണ്ടല്ല. സ്വന്തംആന്തരിക ശക്തികൊണ്ടുമാത്രമാണ്, അതുകൊണ്ടുതന്നെ ശരീരത്തിലുള്ള ഏത് കായമഹമിരല ഉപരിഹരിക്കാനുള്ള കഴിവ് ശരീത്തിനുണ്ട്.വെൽ കെയർ അ ക്യുപങ്ചർ ഹോം എന്ന സ്ഥാപനം മേൽപ്പറഞ്ഞ വിഷയത്തിലുള്ള അറിവ് പകർന്നുകൊടുത്ത് സ്വന്തം ആരോഗ്യത്തിൽ ജനങ്ങളെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തിൽവർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ്.മനുഷ്യനെ അലട്ടുന്ന ഏതു തരംപ്രശ്നത്തിനും സാധാരണക്കാർക്ക് മനസ്സിലാകാത്ത പുതിയ രോഗങ്ങളു ടെ പേരു പറഞ്ഞ് ലാബു കളിലക്കും വലിയആശുപത്രികളിലേക്കും പറഞ്ഞയച്ച് നിത്യഭയത്തിന്റെയും, മരുന്നുകളുടെയും അടിമകളാക്കുന്നതിനുപകരം സന്തം ശരീരത്തെ ക്കുറിച്ച് അവബോധം സൃഷ്ടിച്ച് എന്തുകൊണ്ട് ഇത്തരത്തിലൊരു അസുഖകരമായ അവസ്ഥ ശരീരത്തിൽക ഉണ്ടായി എന്നും സർജറി- മരുന്നുകൾ അടക്കമുളയാതോരു ബാഹ്യ ഇടപെടലുകളാഇല്ലാതെ തന്നെഅതിനെ എങ്ങനെ മറികടക്കുമെന്നുള്ള അറിവ് ഈകേന്ദ്രത്തിൽ നിന്ന് നൽകപ്പെടുന്നു. ജനങ്ങൾക്ക് ഏതു തരത്തിലുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും മെസേജ് ആയോ ഫോണിലൂടെയോ ആയാൽ പോലും ഈ കേന്ദ്രത്തിൽ നിന്നും വ്യക്തമായ മാർഗ്ഗനിർദ്ദേശംനൽകപ്പെടുന്നു.നമ്മുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള പരിഹാരത്തിന്റെ താക്കോൽ നമ്മുടെ കൈയിൽ തന്നെയുണ്ട്, അത് ഒരിക്കലും മറ്റുള്ളവരുടെ കയ്യിൽ കിട്ടാനിടവരരുത്.








# കരൺജിത് ഇനി കേരള ബ്ലാസ്റ്റേഴ്സിന്റെ വലകാക്കും

ആൽബീനോ ഗോമസിന് പരിക്കേറ്റ സാഹചര്യത്തിൽ കേരള ബ്ലാസ്റ്റേഴ്സ് പുതിയ ഒരു ഗോൾ കീപ്പറെ സൈൻ ചെയ്തു. ഫ്രീ ഏജന്റായ കരൺ ജിത് സിങ് ആണ് കേരള ബ്ലാസ്റ്റേഴ്സിലേക്ക് എത്തിയത്.മുൻ ചെന്നൈയിൻ ഗോൾ കീപ്പർ ആണ് കരൺ ജിത്. കേരള ബ്ലാസ്റ്റേഴ്സിന്റെ ഒന്നാം നമ്പർ ആയ ആൽബിനോ ഗോമസിന്റെ മുട്ടിനു പരിക്കേറ്റ് പുറത്തായിരുന്നു. ആൽബിനോയുടെ തിരിച്ചുവരവ് വൈകും എന്ന ഭയമാണ് കേരള ബ്ലാസ്റ്റേഴ്സ് പുതിയ ഗോൾ കീപ്പറെ സൈൻ ചെയ്യാനുള്ള കാരണം.ആൽബിനോയെ കൂടാതെ മൂന്ന് ഗോൾ കീപ്പർ കൂടെ കേരള ബ്ലാസ്റ്റേഴ്സ് സീനിയർ സ്ക്വാഡിൽ ഉണ്ട് എങ്കിലും അവരൊക്കെ യുവതാരങ്ങളാണ്. കരൺ ജിതിനെ പോലെ ഒരു സീനിയർ താരത്തിന്റെ ആവശ്യം ഉണ്ട് എന്നാണ് ക്ലബ് കരുതുന്നത്. 35കാരനായ കരൺ ജിത് രണ്ട് തവണ ചെന്നൈയിനൊപ്പം ഐ എസ് എൽ കിരീടം നേടിയ താരമാണ് .2017-18 സീസണിൽ ഏഴു ക്ലീൻ ഷീറ്റ് സ്വന്തമാക്കി ചെന്നൈയിന് കിരീടം നേടിക്കൊടുക്കുന്നതിൽ പ്രധാന പങ്ക് കരൺ ജിത് വഹിച്ചിരുന്നു. കഴിഞ്ഞ സീസണുകള താരം അധികം മത്സരങ്ങൾ കളിച്ചിരുന്നില്ല. കഴിഞ്ഞ സീസൺ അവസാനത്തോടെ അദ്ദേഹം ചെന്നൈയിൻ വിടുകയും ചെയ്തു.








Acu.Hr.Sadakkathulla Hameed (MD)
WAH(Director)


RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com